# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 | No.4 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 APRIL

14th YEAR

e-paper : vedabhimani


## ചൈനയിലെ മംബ്ലർ



ചൈനയിലെ ലൂക്സി എന്ന കൃഷിക്കാരന്റെ വീട്ടിലെ കോഴിയാണിത്. എന്നാൽ സാധാരണ കോഴിയേപ്പോലെയല്ല പെൻഗ്വിനുകളെപ്പോലെ നിവർന്നാണ് ഇതിന്റെ നടപ്പ്. ചിറകുകളും ചെറുതുതന്നെ. പെൻഗ്വിനുകളെപ്പോലെ നടക്കുന്ന ഇവൾക്ക് ചൈനയിലെ ആളുകൾ ഒരു പേരും ഇട്ടു 'ഹാപ്പി ഫീറ്റ്' എന്ന പെൻഗ്വിൻ സിനിമയിലെ നായകനായ പെൻഗ്വിന്റെ പേരുതന്നെ-മംബ്ലർ!



## നാസയ്ക്കു വട്ടപ്പൂജ്യം!



നാസ ബുദ്ധിരാക്ഷസന്മാർ വാഴുന്നിടമാണെന്നാണു വയ്പ്. ആ ധാരണ റൊബോട്ടുകളുടെ കാര്യത്തിലെങ്കിലും തിരുത്തേണ്ടിവരും. കാരണം, റൊബോട്ടുകളുടെ മത്സരത്തിൽ നാസയുടെ ടീമിനു കിട്ടിയത് വട്ടപ്പൂജ്യം.

32-ൽ 27 പോയിന്റുകൾ നേടി ജപ്പാൻ ഒന്നാമതെത്തി. ജപ്പാനിലെ ഫുക്കുഷിമ ആണവ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, രണ്ടു കാലുകളുള്ള 15 റൊബോട്ടുകളാണു മത്സരത്തിൽ പങ്കെടുത്തത്. ഗോവണിയിലൂടെ കയറുക, കതകു തുറക്കുക, മാലിന്യം നീക്കുക തുടങ്ങിയവ മത്സരങ്ങളുടെ ഭാഗമായിരുന്നു. ഏകദേശം 18.3 കോടി രൂപ മുടക്കിയ നാസയുടെ വൃകൈർ റൊബോട്ട് മത്സരത്തിൽ തോറ്റു തുന്നംപാടി. 125 കിലോ ഭാരമുള്ള റൊബോട്ടുകളെയാണു മത്സരത്തിനിറക്കിയത്.

അമേരിക്കയുടെ ഡിഫൻസ് അഡ്വാൻസ് റിസർച്ച് പ്രൊജക്ട് ഏജൻസി (ഡാർപ)യാണു സംഘാടകർ. ഫുക്കുഷിമ ആണവദുരന്തം നേരിടുന്നതിൽ റൊബോട്ടുകൾ പരാജയപ്പെട്ടതാണു ഡാർപയെ മത്സരത്തിനു പ്രേരിപ്പിച്ചത്.


**എന്റെ സ്നേഹിതൻ നിങ്ങളുടെയും**
– ടൈറ്റസ് കാർത്തികപ്പള്ളി

ജനലക്ഷങ്ങൾ ഹൃദയപൂർവ്വം ഏറ്റുവാങ്ങിയ അക്രൈസ്തവർ പോലും അതിമനോഹരമെന്ന് വിശേഷിപ്പിച്ച ലളിത സുന്ദരമായ സ്നേഹസന്ദേശം



**ശാസ്ത്രം – ചരിത്രം – മതം – ക്രിസ്തു**
– ടൈറ്റസ് കാർത്തികപ്പള്ളി

ദൈവമുണ്ടെന്നും മരണാനന്തര ജീവിതവും ന്യായവിധിയും യാഥാർത്ഥ്യമാണെന്നും തെളിയിക്കുന്ന ഏക ബൈബിൾ – ശാസ്ത്ര ഗ്രന്ഥം



**അനുഗ്രഹം**
– ടൈറ്റസ് കാർത്തികപ്പള്ളി

സമൃദ്ധി, സമ്പത്ത്, ഭൗതീകാനുഗ്രഹങ്ങൾ വചനവിരുദ്ധം എന്ന് തിരുവചന വെളിച്ചത്തിൽ സമർത്ഥിക്കുന്ന പ്രസംഗം





## കാൽക്കീഴിൽ സംഗീതം



ജോർജ് ഡെന്നയ്ക്ക് പതിനെട്ടുവയസ്സ്. ജനിക്കുമ്പോൾ തന്നെ അവന് കൈകളില്ല. മൂന്നു വയസ്സുള്ളപ്പോൾ അവനൊരു മോഹമുണ്ടായി – സംഗീതം അഭ്യസിക്കണം.

രക്ഷിതാക്കളുടെ സഹായത്തോടെ പഠനം തുടങ്ങി. വായ്പ്പാട്ട്, ഗിറ്റാർ, പിയാനോ... ഓരോന്നായി പഠിച്ചുതുടങ്ങി. വായ്പ്പാട്ടു പഠിക്കാൻ വലിയ വിഷമമുണ്ടായില്ല. എന്നാൽ ഗിറ്റാറും പിയാനോയുമൊക്കെ കാൽകൊണ്ടു തന്നെ വായിക്കണമല്ലോ. അതുകൊണ്ട് ഉപകരണപഠനം അവന് വളരെ ക്ലേശകരമായി. എന്നാൽ നിശ്ചയദാർഢ്യത്തോടെ ജോർജ് പഠനം തുടർന്നു. അവനതിൽ വിജയം കണ്ടെത്തുകയും ചെയ്തു.ഇപ്പോൾ സ്റ്റേജ് പ്രോഗ്രാമുകളിലൂടെ അമേരിക്കയിലും ഇന്റർനെറ്റിലൂടെ ലോകമാകെയും പ്രശസ്തനായിക്കഴിഞ്ഞു വിർജീനിയക്കാരനായ ജോർജ് ഡെന്നെ.

## 5000 ചെലവാക്കിയാൽ ഭാവിയറിയാം...! വഴികാട്ടിയായി ഡിഎംഐടി ടെസ്റ്റ്




എല്ലാ മാതാപിതാക്കന്മാരും തങ്ങളുടെ മക്കളുടെ ഭാവിയുടെ കാര്യത്തിൽ ആശങ്കാകുലരാണ്. എന്തൊക്കെയാണ് മക്കളുടെ കഴിവുകൾ, അവർ വളരുമ്പോൾ ഏതു മേഖലയിൽ ശോഭിക്കും... എന്നെല്ലാം അറിയാൻ ആഗ്രഹമുണ്ടോ..? വിഷമിക്കേണ്ട, നിങ്ങൾക്കായി ഇതാ ഡി.എം.ഐ.ടി. ടെസ്റ്റ് ഒരുങ്ങുന്നു. വിരലടയാളം പരിശോധിച്ചുള്ള ഡിഎംഐടി (ഡെർമറ്റോഗ്ലിഫിക്സ് മൾട്ടിപ്പിൾ ഇന്റലിജൻസ് ടെസ്റ്റ്) ടെസ്റ്റിലൂടെ നിങ്ങളുടെ മക്കളുടെ ജന്മനായുള്ള കഴിവുകൾ തിരിച്ചറിയാനാകുമെന്ന് ശാസ്ത്രലോകം സാക്ഷ്യപ്പെടുത്തുന്നു. വിദ്യാഭ്യാസത്തിനു ശേഷം ഏതു ജോലി തെരഞ്ഞെടുക്കണമെന്നും അവരുടെ കഴിവുകൾക്കനുസരിച്ചുള്ള മേഖല ഏതാണെന്നുമറിയാൻ ഈ ടെസ്റ്റ് സഹായിക്കുമെന്നാണ് ഗവേഷകർ അവകാശപ്പെടുന്നത്. കുട്ടിയുടെ കൈയിലെ ഓരോ വിരലടയാളവും ബയോമെട്രിക് സ്കാനിംഗിലൂടെ പകർത്തിയെടുക്കും. തുടർന്ന് ഈ വിരലടയാളങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ പ്രോഗ്രാമിലേക്കു കടത്തിവിടും. ഈ സോഫ്റ്റ്‌വെയർ വഴിയുള്ള അപഗ്രഥനത്തിലൂടെ കുട്ടിയുടെ ജനിതകഴിവുകൾ ഏതൊക്കെയാണെന്നു കണ്ടെത്താനാകും. ഇടതുകൈ തലച്ചോറിന്റെ വലതുഭാഗത്തെയും വലതുകൈ തലച്ചോറിന്റെ ഇടതുഭാഗത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. ഓരോ വിരലും തലച്ചോറിന്റെ ഓരോ ചെറിയ ഭാഗത്തെ പ്രതിനിധീകരിക്കുന്നുവെന്ന വസ്തുതയാണ് ഈ പഠനത്തിന്റെ അടിസ്ഥാനം.

## പേരില്ലാ പേര്

ഒരു പേരിലെന്തിരിക്കുന്നു? എന്നാണോ കരുതിയിരിക്കുന്നത്. അമേരിക്കയിലെ ടെന്നിസി എന്ന സംസ്ഥാനത്തിലെ ഒരു നഗരം പേരില്ലാതെയിരിക്കാൻ ഇതൊന്നുമല്ല കാരണം. ആ നഗരത്തിന് പേരുണ്ട്. 'പേരില്ല' എന്നു പേര്! അതായത് 'നെയിംലെസ്സ്!' ഈ നഗരം പേരില്ലാ നഗരമായതിനു പിന്നിൽ പല കഥകളും ഉണ്ട്. ഒരു നല്ല പേര് കണ്ടെത്താനാവാത്തതും പോസ്റ്റ് ഓഫീസിനുള്ള അപേക്ഷയിൽ നഗരത്തിന്റെ പേര് നൽകാൻ മറന്നു പോയതുമെല്ലാം ഇക്കൂട്ടത്തിൽപ്പെടും. കഥകളെന്തു തന്നെയായാലും ഈ നഗരം ഇപ്പോഴും നെയിംലെസ്സ് എന്ന പേരിൽത്തന്നെ നിൽപ്പാണ്.




## ഐസ് ട്രക്ക് !



കാനഡയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏറ്റവും വലിയ മഞ്ഞുവീഴ്ചയാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. രാജ്യം മുഴുവൻ മഞ്ഞുകട്ടകളാൽ മൂടപ്പെട്ടിരിക്കുകയാണ്. ഇതിനിടെ ഒരു കനേഡിയൻ ടയർകമ്പനിക്ക് ഒരു ബുദ്ധി തോന്നി. മഞ്ഞുകട്ട ഉപയോഗിച്ച് ഒരു ട്രക്ക് ഉണ്ടാക്കിയാലോ? അതിനായി ടയർ കമ്പനി ഷെവർലേ കമ്പനിയുടെ സിൽവറാഡോ എന്ന മിനിട്രക്ക് വാങ്ങിയിട്ട് എഞ്ചിനും ചേസിസും ഒഴിച്ചുള്ള ഭാഗങ്ങളെല്ലാം അഴിച്ചുമാറ്റി, ട്രക്കിനെ അസ്ഥികൂടം പോലെയാക്കി. എന്നിട്ട് ഐസ് ഉപയോഗിച്ച് ബോഡി പണിതു. പണിതു കഴിഞ്ഞപ്പോൾ 6803 കിലോഗ്രാം ആയി ട്രക്കിന്റെ ഭാരം. എങ്കിലും ഈ ഐസ്ട്രക്ക് ചെറിയ വേഗതയിൽ ഓടിച്ചുപോകാൻ സാധിക്കും.


**വേദാഭിമാനി**

**ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും**

ടൈറ്റസ് കാർത്തികപ്പള്ളി മറുപടി നൽകുന്നു

വിളിക്കുക

9847232598, 9847990939

സത്യം അറിയാൻ സന്ദർശിക്കുക

www.vedabhimani.com

യുക്തിവാദികൾ, ബുദ്ധിജീവികൾ ഏവർക്കും സ്വാഗതം. സംശയാസ്പദ വിഷയങ്ങൾക്കു വിശദീകരണവും മറുപടിയും നൽകുന്നതാണ്



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.150 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |

# ജീവിതഭാരങ്ങൾ



ഗ്രീക്ക് പുരാണത്തിലെ ദേവന്മാരിലൊരാളാണ് അറ്റ്ലസ്. ടൈറ്റൻ വംശപരമ്പരയിൽപ്പെട്ട അതിശക്തനായ അറ്റ്ലസ് ദേവനെക്കുറിച്ചു സാധാരണ കാണാറുള്ള ചിത്രം അദ്ദേഹം ഭൂഗോളം ചുമന്നുകൊണ്ടു നിൽക്കുന്ന രൂപത്തിലുള്ളതാണ്. എന്നാൽ, പുരാണത്തിൽ പറയുന്നതനുസരിച്ചു അദ്ദേഹം താങ്ങിനിറുത്തുന്നതു ഭൂഗോളമല്ല, പ്രത്യുത ആകാശമാണ്.

ന്യൂയോർക്കു സിറ്റിയുടെ മർമഭാഗത്തു മാൻഹാട്ടണിൽ അംബരചുംബിയായി നിൽക്കുന്ന ഒരു കൂറ്റൻ മന്ദിരമാണ് റോക്ക്ഫെല്ലർ സെന്റർ. ഫിഫ്ത്ത് അവന്യൂവിൽ സ്ഥിതിചെയ്യുന്ന ഈ മന്ദിരത്തിനു മുന്നിൽ ഒരു പ്രതിമയുണ്ട്. നാൽപത്തിയഞ്ച് അടിയാണു പ്രതിമയുടെ മൊത്തം ഉയരം. അറ്റ്ലസ് ആകാശത്തെ താങ്ങിനിർത്തുന്ന ഈ പ്രതിമയിൽ അറ്റ്ലസിന്റെ ഉയരം പതിനഞ്ച് അടിയാണ്. നാലുനില കെട്ടിടത്തിന്റെ ഉയരം വരുന്ന പ്രതിമയ്ക്ക് ഏഴു ടൺ ഭാരമുണ്ട്. ലീ ലാവ്റി എന്ന കലാകാരൻ രൂപകല്പന ചെയ്ത ഈ പ്രതിമ 1937ലാണു സ്ഥാപിക്കപ്പെട്ടത്.

നിത്യവും ധാരാളം സഞ്ചാരികളെ ആകർഷിക്കുന്ന ഈ പ്രതിമയുടെ പശ്ചാത്തലത്തിൽ ബ്രൂസ് ലാർസൺ നൽകുന്ന ഒരു നിരീക്ഷണം ഇവിടെ അവതരിപ്പിക്കട്ടെ. 'ബിലീവ് ആൻഡ് ബിലോംഗിംഗ്' എന്ന പുസ്തകത്തിലാണു ലാർസൺ തന്റെ നിരീക്ഷണം അവതരിപ്പിച്ചിരിക്കുന്നത്.

റോക്ക് ഫെല്ലർ സെന്ററിനടുത്തായി സേവനം ചെയ്തിരുന്ന ലാർസന്റെ അരികെ ധാരാളം പേർ ഉപദേശവും നിർദേശവും സ്വീകരിക്കുവാൻ എത്തിയിരുന്നു. അങ്ങനെ വരുന്നവരിൽ അധികംപേരും ജീവിതഭാരത്താൽ തളർന്നവശരുമായിരുന്നു. അവരോടു സംസാരിക്കുന്നതിനിടയിൽ ലാർസൺ അവരെ അറ്റ്ലസിന്റെ പ്രതിമയ്ക്കരികെ കൊണ്ടുപോകും.

വളരെ ബുദ്ധുമുട്ടോടുകൂടി അറ്റ്ലസ് ആകാശം ചുമന്നുകൊണ്ടു നിൽക്കുന്നതു കാണുമ്പോൾ കാഴ്ചക്കാർക്കു തങ്ങളുടെ സ്ഥിതിയും അറ്റ്ലസിന്റേതുപോലെയാണല്ലോ എന്നു സ്വാഭാവികമായും തോന്നും. ചിലരെങ്കിലും അക്കാര്യം ലാർസണോടു സൂചിപ്പിക്കുകയും ചെയ്യും.

അറ്റ്ലസ് പ്രതിമ കണ്ടതിനുശേഷം ലാർസൺ തന്റെ കൂടെയുള്ളവരെ നേരെ കൊണ്ടുപോകുന്നതു വഴിയുടെ മറുവശത്തുള്ള സെന്റ് പാട്രിക് കത്തീഡ്രലിലേക്കാണ്. കത്തീഡ്രലിലെത്തുന്നവരെ ആകർഷിക്കുന്ന ഒരു പ്രതിമ ബാലനായ യേശു തന്റെ ഒരു കൈയിൽ ഭൂഗോളവും പിടിച്ചുകൊണ്ടു നിൽക്കുന്നതാണ്. തന്റെ കൂടെ പോകുന്നവരോട് ആ പ്രതിമയെ സൂക്ഷിച്ചുനോക്കുവാൻ ലാർസൺ പറയും. അപ്പോൾ, ലാർസൺ അവർക്കു നൽകുവാൻ ആഗ്രഹിക്കുന്ന സന്ദേശം എന്താണെന്ന് അദ്ദേഹം പറയാതെ തന്നെ അവർക്കു മനസിലാവും.

ലാർസന്റെ അരികിൽ ഉപദേശം തേടാൻ എത്തിയവരെപ്പോലെയായിരിക്കും നമ്മിൽ പലരും. ജീവിതഭാരം മൂലം നാമും ചിലപ്പോഴെങ്കിലും തളർന്ന് അവശരായിപ്പോകാറുണ്ട്. അപ്പോൾ എന്തു ചെയ്യണമെന്നറിയാതെ നാമും പകച്ചുപോയേക്കും. അങ്ങനെയുള്ള അവസരങ്ങളിൽ നാം എന്താണു ചെയ്യേണ്ടത്? നാം നമ്മുടെ ഭാരങ്ങൾ ദൈവത്തെ ഏല്പിക്കുക. അതാണു ലാർസൺ നൽകുന്ന നിരീക്ഷണം.

നമ്മുടെ ജീവിതഭാരങ്ങൾ മുഴുവനും നമുക്കുതന്നെ താങ്ങാനാവും എന്നായിരിക്കും പലപ്പോഴും നാം ചിന്തിക്കുന്നത്. എന്നാൽ, നമുക്കു സ്വയം താങ്ങാവുന്നതിലുമധികം ഭാരങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ട് എന്നതാണു വസ്തുത. അതുകൊണ്ടുതന്നെ നമ്മുടെ ഭാരം താങ്ങുവാനും നാം ദൈവത്തിന്റെ സഹായം തേടിയേ മതിയാകൂ.

നമ്മുടെ ഭാരം താങ്ങുവാനും നമ്മേ ആശ്വസിപ്പിക്കാനും ദൈവം എപ്പോഴും തയാറാണ്. തന്മൂലമല്ലേ, "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അരികിൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു ദൈവപുത്രനായ യേശു അരുളിച്ചെയ്തത്.

എന്നാൽ, ദൈവം നമ്മേ സഹായിക്കുവാൻ തയാറാണ് എന്ന വസ്തുത പലപ്പോഴും നാം മറന്നുപോകുന്നു. അതുകൊണ്ടു തന്നെ ദൈവത്തിൽ അഭയം തേടുന്നതിനു പകരം നമ്മിൽ പലരും മറ്റു മാർഗങ്ങൾ തേടുന്നു. അവയാകട്ടെ പലപ്പോഴും നമ്മെ നാശത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

നമ്മുടെ ഭാരങ്ങൾ ദൈവത്തിന്റെ ശക്തിയിൽ നമുക്കു താങ്ങാം. അതോടൊപ്പം, മറ്റുള്ളവരുടെ ഭാരം താങ്ങാൻ അവരെ നമുക്കു സഹായിക്കുകയും ചെയ്യാം. അപ്പോൾ നമ്മുടെയും മറ്റുള്ളവരുടെയും ജീവിതഭാരം ഏറെ ലഘുവാകുകയും ചെയ്യും.



# വിലാപങ്ങളിലെ വിധവ

വിലാപങ്ങളിൽ വിവരിക്കുന്ന (വിലാ. 1:1–11) യെരുശലേമിനെ നിങ്ങളുടെ മനസിൽ കൊണ്ടുവരിക, അതായത് വിലപിക്കുന്ന ഒരു വിധവ. നീണ്ട രണ്ടു വർഷം ശത്രുരാജ്യം ആ പട്ടണത്തിനു ചുറ്റും പാളയമടിച്ചിരുന്നു. ആർക്കും പട്ടണത്തിനകത്തേക്കു പ്രവേശിക്കുവാനോ, പുറത്തുപോകുവാനോ കഴിഞ്ഞിരുന്നില്ല. ആഹാരപദാർത്ഥങ്ങളെല്ലാം ഭക്ഷിച്ചുതീർന്നു. അവളുടെ മക്കളെല്ലാം വിശന്നിരിക്കുന്നു; അവളും വിശന്നിരിക്കുന്നു. അവൾക്ക് കുളിക്കുവാൻ വേണ്ടത്ര വെള്ളമില്ല; കഷ്ടിച്ചു കുടിക്കുവാൻ മാത്രം വെള്ളമുണ്ട്. കത്തിക്കാളുന്ന വയറുമായിട്ടായിരുന്നു അവൾ കിടക്കയിലേക്ക് പോയിരുന്നത്. അവൾ തിരിഞ്ഞും മറിഞ്ഞും കിടന്ന്, ഓരോ രാത്രിയും കഴിച്ചുകൂട്ടി.

ആ നിദ്രാവിഹീനമായ രാത്രികളിലൊന്നിൽ, അസാധാരണമായ ഒരു ശബ്ദം അവളുടെ ശ്രദ്ധയെ ആകർഷിച്ചു. അല്പം ദൂരെനിന്നു ഒരു കൂട്ടം ആരവമായിരുന്നു അത്. ആ ബഹളം വർദ്ധിച്ചപ്പോൾ, അവൾ കിടക്കയിൽ എഴുന്നേറ്റിരുന്നു ശ്രദ്ധിച്ചു. ആ ശബ്ദം തീർച്ചയായും ആളുകളുടേതായിരുന്നു, പക്ഷെ അവർ സന്തോഷിക്കുകയായിരുന്നില്ല. അവർ അലമുറയിട്ടു കരയുന്ന ശബ്ദമായിരുന്നു അത്.

എന്താണ് സംഭവിക്കുന്നതെന്നറിയുവാൻ അവൾ ചെവികൂർപ്പിച്ചിരുന്നു. പെട്ടെന്ന് ഒരു പുരുഷന്റെ ഉച്ചത്തിലുള്ള കല്പന കേട്ടു. വീഥികളിൽ ബൂട്ടുകൾ ചവിട്ടുന്ന ഒച്ച കൂടിക്കൂടി വരുന്നു, ഓരോ കതകുകളിലും മുട്ടലും കേട്ടുകൊണ്ടിരിക്കുന്നു. പെട്ടെന്ന് ആ സംഘം അവളുടെ വാതിൽക്കൽ എത്തുകയും, അവളുടെ വാതിലിൽ മുട്ടുകയും ചെയ്തു.



അപ്പോഴേക്കും അവളുടെ കുട്ടികൾ എഴുന്നേറ്റു, വിറയലോടെ അവൾ വാതിൽക്കലേക്ക് പോയി. ഒരു നിമിഷം അവൾ വാതിൽ തുറക്കുവാൻ മടിച്ചപ്പോൾ, മറ്റൊരു വശത്ത് നിന്ന് അത്യുച്ചത്തിൽ തട്ടലുണ്ടായി. വിറെക്കുന്ന കൈകളോടെ കഷ്ടിച്ച് അവൾ സാക്ഷ നീക്കി. അവസാനം അവൾ വാതിൽക്കൽ എത്തിയപ്പോൾ, കോപിഷ്ഠനായ ഒരു പടയാളി രക്തം ഒലിക്കുന്ന വാളും പിടിച്ചു നിൽക്കുന്നതു കണ്ടു. അവൻ അവളെ പിടിച്ച് വലിച്ച് വീഥിയിലേക്ക് തള്ളിമാറ്റി. പിന്നെ മറ്റുള്ളവരെ തേടി വീട്ടിനുള്ളിലേക്ക് കടന്നു.

ആ വിധവയുടെ നീറുന്ന ഹൃദയം നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ? ബാബേലിനെതിരെ മൽസരിക്കുന്നവരുടെ കൂട്ടത്തിലുള്ളവനെന്ന കുറ്റം ചുമത്തി അവളുടെ ഭർത്താവിനെ അവർ കൊന്നിരുന്നു. മക്കൾ മാത്രമായിരുന്നു അവളുടെ ഇനിയുള്ള പ്രതീക്ഷ. മൂത്ത മകൾ യുവതിയാകാൻ തുടങ്ങുന്നു. അവളുടെ മറ്റു മക്കൾ തീരെ ചെറുതായിരുന്നു, ഇളയ കുട്ടി മുലകുടിക്കുന്ന പ്രായമായിരുന്നു. തന്റെ കുട്ടികൾക്ക് എന്താണ് സംഭവിക്കുവാൻ പോകുന്നതെന്നറിയുവാൻ അവൾ വീട്ടിലേക്ക് കടക്കുവാൻ ആഗ്രഹിച്ചു. അവളെ കൂടാതെ അവളുടെ ശിശു നിസഹായമായ അവസ്ഥയിലായിരുന്നു! എങ്ങനെയായാലും, അവൾക്ക് ചലിക്കുവാൻ കഴിഞ്ഞില്ല; അവൾ മറ്റു നൂറുകണക്കിനു തടവുകാരുമായി ബന്ധിക്കപ്പെട്ടുകഴിഞ്ഞു. പ്രവാസികളിൽ ചിലർ മതിയായ വസ്ത്രം ധരിച്ചിരുന്നില്ല, മിക്കവാറും എല്ലാവരും നഗ്നപാദരുമായിരുന്നു.

കന്നുകാലികളെ വഴിയിൽകൂടെ കൊണ്ടുപോകുന്നതുപോലെ ആയിരുന്നു ആളുകളെ പൊടിനിറഞ്ഞ വീഥികളിൽ കൂടെ കൊണ്ടുപോയത്. കൂട്ടംചേർന്ന് നടക്കുവാൻ കഴിവില്ലാത്തവരെ പടയാളിയുടെ വാൾമുന കൊണ്ടു കുത്തുകയോ ചാട്ടവാറുകൊണ്ട് അടിക്കുകയോ ചെയ്തിരുന്നു. പെട്ടെന്ന് വിധവ ഒരു അലമുറ കേട്ടു, അത് അവളുടെ തൊണ്ടയിൽനിന്നായിരുന്നു. അവളുടെ വേദന വിവരിക്കുവാനോ, പ്രകടിപ്പിക്കുവാനോ കഴിയാത്തവണ്ണം, ആ കരച്ചിൽ ആത്മാവിന്റെ ഉള്ളിൽനിന്നായിരുന്നു.

വീഥികളിലെ മുനയുള്ള പാറകളിൽ നഗ്നമായ പാദങ്ങൾ കൊണ്ട് മുറിഞ്ഞ് രക്തം ഒലിച്ചിരുന്നു. അവൾ കൂട്ടത്തിനൊത്ത് വീഥികളിൽകൂടെ നടന്ന്, നഗരവാതിൽ കടന്നു വടക്കോട്ട് നീങ്ങി. അവൾ അങ്ങനെ മണിക്കൂറുകൾ നടന്നു. അവളുടെ വലത്ത്, ചക്രവാളത്തിൽ സൂര്യൻ ഒരു തീപ്പന്തുപോലെ പൊങ്ങിവരുന്നത് അവൾക്ക് കാണാമായിരുന്നു. അവളുടെ പിന്നിൽ ഒരു തീജ്വാല ഉണ്ടായിരുന്നു. അവളുടെ നഗരവും – വീടും –തീ കത്തിക്കൊണ്ടിരുന്നു. അവളുടെ കുഞ്ഞ്! അവളുടെ മറ്റുമക്കൾ! അവർ എവിടെയായിരിക്കും? തീയിടുന്നതിനു മുൻപ് അവർ പുറത്തുകടന്നുകാണുമോ? അവർ ആൾക്കൂട്ടത്തിൽ എവിടെയെങ്കിലും കാണുമോ? അവൾക്ക് തിരിച്ച് പോയി അതെല്ലാം കാണെണമെന്നുണ്ടായിരുന്നുവെങ്കിലും അവൾക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല; താൻ ഇനി ഒരിക്കലും സ്വതന്ത്രയല്ല എന്ന തിരിച്ചറിവിൽ അവളുടെ ചിന്ത മുങ്ങിപ്പോയി; അവൾ അപരിഷ്കൃത ജാതികളായ ബാബേലിന്റെ അടിമയായി തീർന്നിരിക്കുന്നു.

വെളിച്ചം പരന്നപ്പോൾ, അവൾക്ക് പരിചയമുള്ള മുഖങ്ങൾ കാണുവാൻ അവൾ ചുറ്റും നോക്കി, ആരെയും അവൾക്ക് തിരിച്ചറിയുവാൻ കഴിയാതിരുന്നത് അവളുടെ ദുഃഖത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നു. ഉപദ്രവങ്ങളേറ്റ് അലമുറയിട്ടു കരയുന്നതുനിമിത്തം ഒന്നും കേൾക്കുവാൻ കഴിയാത്ത മന്ദതയിലായി. പല നാളുകളായി അല്പം വിശ്രമവും തന്റെ കുട്ടികളെകുറിച്ചുള്ള എന്തെങ്കിലും വിവരവും ലഭിക്കുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നു. നീണ്ടതും, പ്രയാസമുള്ളതുമായ വഴി ഇനിയും കിടക്കുന്നു. മലകളും, നദികളും, മരുഭൂമികളും കടന്നു എണ്ണൂറ് മൈൽ അകലെയാണ് അവളുടെ പുതിയ ഭവനം. കാൽനടയായി പോകണം – അതായത്, അത്രത്തോളം യാത്ര ചെയ്യുവാനുള്ള ശക്തി അവശേഷിക്കുന്നുണ്ടെങ്കിൽ.

യിരെമ്യാവ് ഉപയോഗിച്ച പ്രവാസി വിധവ യെരുശലേമിന്റെ പ്രതീകമായിരുന്നു. ഒരിക്കൽ ദൈവത്തിന്റെ നഗരമായി അറിയപ്പെട്ട പട്ടണത്തിന്റെ ഈ ദുർഘടാവസ്ഥയെ ഇതിനേക്കാൾ നന്നായി എങ്ങനെ വരച്ചുകാണിക്കും? ദൈവജനത്തിന്, അവരുടെ ദേശത്തിന് അവരുടെ പാപം മൂലം സംഭവിച്ചത് ഇതിനെക്കാൾ നന്നായി എങ്ങനെ വിവരിക്കുവാൻ കഴിയും? യിരെമ്യാവ് തന്റെ തൂലിക എടുത്ത് താഴെ കൊടുത്തിരിക്കുന്നത് എഴുതി:

അയ്യോ ജനപൂർണ്ണമായിരുന്ന നഗരം ഏകാന്തയായിരിക്കുന്നതെങ്ങനെ! ജാതികളിൽ മഹതിയായിരുന്നവൾ വിധവയെപ്പോലെ ആയതെങ്ങനെ! സംസ്ഥാനങ്ങളുടെ നായികയായവൾ ഊഴിയവേലക്കാരത്തിയെപോലെ ആയതെങ്ങനെ! പാപത്തിന്റെ പരിണിതഫലം എല്ലാം നഷ്ടപ്പെട്ട വിധവയെപ്പോലെയാണെന്ന് യിരെമ്യാവ് ചൂണ്ടിക്കാണിക്കുന്നു.

യെഹൂദാചാരത്തിൽ, ഭർത്താവും മക്കളും നഷ്ടപ്പെട്ട വിധവമാരോട് ഏറ്റവുമധികം ദയവ് പ്രകടിപ്പിച്ചിരുന്നു. ഭർത്താവില്ലെങ്കിൽ, അവൾക്ക് ഉപജീവനമാർഗമില്ല. മക്കളില്ലെങ്കിൽ, അവൾക്ക് അവകാശവുമില്ല. അതുകൊണ്ട്, അവൾ സാമ്പത്തികമായി പാപ്പരായിരുന്നു. എല്ലാം നഷ്ടപ്പെട്ട ഒരു വിധവയുടെ ദുഃഖം വളരെ വലുതായിരുന്നു. അതുകൊണ്ടാണ്, യിരെമ്യാവ് യെരുശലേമിന്റെ പരിതാപകരമായ അവസ്ഥയെ കാണിക്കുന്നതിന്, ശൂന്യമാക്കപ്പെട്ട് വിലപിക്കുന്ന ഒരു വിധവയുടെ ചിത്രീകരണം ഉപയോഗിച്ചത്. "ജനപൂർണ്ണമായിരുന്ന നഗരം ഏകാന്തയായതെങ്ങനെ? അവൾ വിധവയെപോലെ ആയതെങ്ങനെ..." (വിലാ. 1:1).






# ധന്യതയിലേക്കുള്ള പ്രയാണം

എപ്പോഴാണു നിങ്ങൾക്കു ജീവിതം ധന്യമായതായി തോന്നുക-അല്ലെങ്കിൽ നിങ്ങൾ ജീവിക്കുന്നതായി ശരിക്കും അനുഭവപ്പെടുക? നിങ്ങൾ ഇതുവരെ ഒരിക്കൽപ്പോലും ചെയ്യാതിരുന്ന ഒരു വലിയ കാര്യം ചെയ്യുന്നുവെന്നു വിചാരിക്കുക. ആ വലിയ കാര്യത്തെ മറ്റുള്ളവർ അംഗീകരിക്കുന്ന നിമിഷം ജീവിതം ധന്യമായതായി നിങ്ങൾക്ക് അനുഭവപ്പെടും.

ഇത്തരത്തിലൊരു ധന്യമുഹൂർത്തം ചുമ്മാതങ്ങ് വന്നണയില്ല. ജീവിതത്തിലെ ഓരോ ഘട്ടത്തിലും നിങ്ങൾ അതിനുവേണ്ടി തയാറെടുക്കേണ്ടതുണ്ട്. ചെറിയചെറിയ വെല്ലുവിളികളെ സധൈര്യം നേരിട്ട് ധീരതയും പരിചയസമ്പന്നതയും ആർജിക്കേണ്ടതുണ്ട്. സുഖശീതളമായ ഒരിടത്ത് ഒതുങ്ങിക്കൂടിയാൽ ഇതിനുള്ള അവസരങ്ങൾ വന്നണയില്ല.

ജീവിതത്തിലെ തെരഞ്ഞെടുപ്പുകൾ നടത്താൻ നിങ്ങൾക്ക് എല്ലായ്പോഴും തന്നെ അവസരങ്ങൾ ലഭിക്കുന്നുണ്ട്. അവ നിങ്ങളെ സ്വതന്ത്രരാക്കുകയോ തളച്ചിടുകയോ ചെയ്യും.

നിങ്ങൾ ചിന്തിക്കുന്നതിനപ്പുറമുള്ള കഴിവുകൾ നിങ്ങളിൽ കുടികൊള്ളുന്നുണ്ട്. പക്ഷേ നിങ്ങളുടെ ലക്ഷ്യസ്ഥാനങ്ങളും അവിടെ എത്തിപ്പെടാനുള്ള മാർഗങ്ങളും നിങ്ങൾതന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. നിത്യവും തീവ്രമായി ആഗ്രഹിക്കുകയാണെങ്കിൽ ലക്ഷ്യത്തിലേക്കുള്ള വഴികൾ ദൈവം നിങ്ങൾക്കു മുന്നിൽ അനാവരണം ചെയ്യും. ജീവിതകാലത്തെ മൊത്തം തയാറെടുപ്പിലൂടെ ലക്ഷ്യത്തിലേക്കു നീങ്ങാനാകും.

വിധിയെയോ ഭാവിയെയോ ഓർത്തു വിഷമിക്കാതെ നിങ്ങൾ നിങ്ങളെത്തന്നെ അറിയുവാൻ ശ്രമിക്കുക. ബാഹ്യചമയങ്ങളെല്ലാം അഴിച്ചുമാറ്റൂ. അഭിനയമൊക്കെ മതിയാക്കൂ. ഉള്ളിന്റെ ഉള്ളിൽ നിങ്ങൾ ആരാണെന്നു മനസിലാക്കൂ. മുൻഗണനാക്രമത്തിൽ ഇഷ്ടാനിഷ്ടങ്ങൾ വേർതിരിച്ചെടുക്കൂ. ഈ പ്രക്രിയയിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കു വലിയ വില കൊടുക്കേണ്ട കാര്യമില്ല. നിങ്ങളുടെ വ്യക്തിത്വത്തിന് ഏറ്റവും യോജ്യമായത്, നിങ്ങളെ ആഴത്തിൽ സന്തോഷിപ്പിക്കുന്നത്, തിരിച്ചറിയൂ. നിങ്ങളെത്തന്നെ പൂർണമായി അറിയുന്നതിലൂടെ നിങ്ങളുടെ ഭാവി കണ്ടെത്താനാകും.

ദൈവവചനത്തിലൂടെ (ബൈബിൾ) നിങ്ങൾക്ക് നിങ്ങളെ പൂർണമായി മനസിലാക്കാൻ കഴിഞ്ഞാൽ നിങ്ങൾക്കു നിങ്ങളുടെ ജീവിതം മുന്നോട്ടു തെളിക്കാനാകും. പലതരത്തിലുള്ള ഭയങ്ങളെ കീഴടക്കുന്നതോടെ വ്യക്തിപരമായ സ്വാതന്ത്ര്യം അനുഭവപ്പെട്ടു തുടങ്ങുകയും ചെയ്യും. പ്രപഞ്ച നിയമങ്ങളും അതിന്റെ പിന്നിലുള്ള ശക്തിയും കുറെയെങ്കിലും വെളിപ്പെടുകയും അവയുടെ രീതിയിലേക്കു നിങ്ങൾ സ്വയം മാറുകയും ചെയ്യും. അങ്ങനെ ഉജ്ജ്വലമായ ഉന്നതിയിൽ, യഥാർത്ഥലക്ഷ്യത്തിൽ നിങ്ങൾ എത്തിച്ചേരും.

## നോമെൽ



'ദ സിറ്റ്വേഷൻ ഇസ് നോമെൽ' ബോർഡിൽ എഴുതിയ വാചകം ടീച്ചർ ഉറക്കെ വായിച്ചു. അപ്പോഴാണ് ടുട്ടുവിന് ഒരു സംശയം തോന്നിയത്. "ടീച്ചറേ, Normalഎന്ന വാക്കിൽ ഒരു R ഉണ്ടല്ലോ. അപ്പോൾ നോർമൽ എന്നല്ലേ പറയേണ്ടത്?", അവൻ ചോദിച്ചു. "ടുട്ടു, ചില ഇംഗ്ലീഷ് വാക്കുകളിൽ R ഉണ്ടെങ്കിലും ഉച്ചരിക്കുമ്പോൾ ഉപയോഗിക്കാറില്ല. അത്തരം വാക്കുകളിൽ R silent ആണെന്നു പറയാം. അതുകൊണ്ട് നോർമൽ അല്ല നോമെൽ ആണു ശരി!', ടീച്ചർ പറഞ്ഞതുകേട്ട് ടുട്ടുവിന്റെ സംശയവും മാറി.

## നാക്ക് കുഴയും




ചില വാചകങ്ങൾ വേഗത്തിൽ പറഞ്ഞാൽ നാക്ക് കുഴയും. അവയ്ക്ക് ഇംഗ്ലീഷിൽ ടങ് ടിസ്റ്റർ എന്നാണ് പറയുക. ഈയിടെ ഗിന്നസ് ബുക്കിൽ ഏറ്റവും കടുപ്പമേറിയ ടങ് ടിസ്റ്ററായി സ്ഥാനം പിടിച്ചിരിക്കുന്ന വാചകം നോക്കൂ... Sixth sick sheik's sixth sheep's sick എന്നാൽ Pad kid poured curd pulled cord എന്ന വാചകമാണ് ഇതിനേക്കാൾ കടുപ്പം എന്നുപറയുന്നവരുമുണ്ട്. രണ്ടും ഒന്നു വേഗത്തിൽ പറഞ്ഞു നോക്കൂ. ഏതാണ് കടുപ്പമെന്ന് കൂട്ടുകാർക്കു തന്നെ തീരുമാനിക്കാം.




## നീളൻ പേര് !

അമേരിക്കയിലെ ഒരു ഗ്രാമത്തിന്റെ പേര് കേട്ടോളൂ. Llanfairpwllgwyngyllgogerychwyrndrobwllllantysiliogogogochഒന്നും പിടികിട്ടിയില്ല അല്ലേ? ലോകത്തിലെ ഏറ്റവും വലിയ സ്ഥലപ്പേരുകളിലൊന്നാണ് ഇത്. Llanfair PG, Llanfairpwll എന്നെല്ലാം ഇതിന്റെ ചുരുക്കപ്പേരാണ്. st.mary's church in the hollow of the white hazel near to the rapid whielpool of llatnysillo of the red cave എന്നാണ് ഇതിന്റെ ഒറിജിനൽ ഇംഗ്ലീഷ്. വെൽഷ് ഭാഷയിലാണ് ഇത് എഴുതിയിട്ടുള്ളത്. 1850-കളിൽ ഈ ഗ്രാമത്തിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള അധികൃതരുടെ തന്ത്രമായിരുന്നത്രേ ഈ നീളൻ പേരിനു പിന്നിൽ.

## മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അവയവം



മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അവയവമാണ് ത്വക്ക്. നമ്മുടെ ശരീരഭാരത്തിന്റെ പതിനഞ്ച് ശതമാനത്തോളം ത്വക്കിന് അവകാശപ്പെട്ടതാണ്. ശരീര ഊഷ്മാവ് കൂടാതെയും കുറയാതെയും നോക്കുന്നു.

എവിടെയെങ്കിലും ഇടിക്കുമ്പോഴും തട്ടുമ്പോഴും മറ്റും ശരീരത്തിന് ഏൽക്കാവുന്ന ആഘാതം കുറയ്ക്കുന്നു. ബാക്ടീരിയകളിൽ നിന്നും രോഗാണുക്കളിൽ നിന്നും സംരക്ഷണം നൽകുന്നു. സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് രശ്മികളിൽ നിന്നും ശരീരത്തെ സംരക്ഷിക്കുന്നു.

എണ്ണയും കൊഴുപ്പും ചേർന്ന് ശരീരത്തിന് ഒരു റെയിൻകോട്ടായി തീർന്നിരിക്കുന്നു.

ത്വക്കിന് മൂന്ന് തട്ടുകളുണ്ട്. എപ്പിഡെർമിസ്, ഡെർമിസ്, ഫാറ്റിടിഷ്യൂ

**വമ്പനും കുഞ്ഞനും**

ഏറ്റവും കട്ടികുറഞ്ഞ തൊലി കൺപോളകളിലും ഏറ്റവും കട്ടി കൂടിയത് കാൽപാദത്തിലും കൈവെള്ളയിലുമാണ് ഉള്ളത്.

**തൊലിയും പൊടിയും**

മിനുട്ടിൽ ഏതാണ്ട് മുപ്പതിനായിരം മൃതകോശങ്ങൾ തൊലിയിൽ നിന്നും പൊഴിയുന്നുണ്ട്. നമ്മുടെ വീട്ടിലെ പൊടിയിൽ വലിയൊരളവ് ഈ മൃതകോശങ്ങളായിരിക്കുമന്ന് ചുരുക്കം. 28 ദിവസം കൂടുമ്പോൾ ശരീരത്തിലെ മുഴുവൻ തൊലിയും ഇതുപോലെ പൊഴിഞ്ഞ് പുതിയവ വന്നിട്ടുണ്ടാകും.

**കറുപ്പും വെളുപ്പും**

തൊലിക്ക് നിറം നൽകുന്ന വർണ്ണ വസ്തുവാണ് മെലാനിൻ. മെലാനിൽ ഉത്പാദിപ്പിക്കുന്ന മെലാനോസൈറ്റ് സെല്ലുകളുടെ എണ്ണം എല്ലാവരിലും തുല്യമാണ്. അവയുടെ പ്രവർത്തനത്തിലുള്ള ഏറ്റക്കുറച്ചിലുകളാണ് നിറവ്യത്യാസത്തിനു കാരണം.

(തുടരും)



## വിലാപങ്ങളെ നൃത്തമാക്കുന്ന ദൈവം – ടി.എം. വർഗ്ഗീസ്

ഭക്തന്മാർ വിലാപങ്ങളെ നൃത്തമാക്കിയത് എങ്ങനെയെന്ന് ജീവിതാനുഭവങ്ങളിലൂടെ വ്യക്തമാക്കി വിപത്തുകളും പ്രതിസന്ധികളും ജീവിതത്തെ കീഴ്മേൽ മറിക്കുമ്പോൾ അതിനെ എങ്ങനെ നേരിടണമെന്ന് പഠിപ്പിക്കുന്ന ഗ്രന്ഥം. പുസ്തകം മാസികാ വിലാസത്തിൽ ലഭിക്കുന്നതാണ്.

### പുസ്തകാഭിപ്രായം

**നാ**നാവിധമായ ആധികളും അവ മനസിനെ ഏൽപ്പിക്കുന്ന വ്യാധികളുമാണ് ടി. എം. വർഗ്ഗീസ് പ്രധാനമായും പഴയനിയമ കഥാപാത്രങ്ങളിലൂടെ വ്യക്തമാക്കുന്നത്. അത്തരം ആകുലതകൾക്ക് ശാശ്വതമായ ഒരു പരിഹാരം നിർദ്ദേശിക്കുന്നു എന്നുള്ളതാണ് ഈ പുസ്തകത്തിന്റെ പ്രത്യേകതയായി ഞാൻ കാണുന്നത്.

*റവ. ജോയി കുര്യാക്കോസ്, തട്ടേക്കാട്, കോതമംഗലം*

**ജീ**വിതയാത്രയിൽ പ്രയാസങ്ങളും പ്രതികൂലങ്ങളും കടന്നുവരുമ്പോൾ, പ്രതിസന്ധിയിൽ പകച്ചുനിൽക്കുമ്പോൾ; സഹായിക്കുവാൻ ആരുമില്ലെന്ന് ആശങ്കപ്പെടുമ്പോൾ നിങ്ങളെ സഹായിക്കുവാനായി ഒരാൾ കാത്തിരിപ്പുണ്ട്. നിങ്ങളുടെ വിളിയ്ക്കായി കാത്തിരിക്കുന്ന ദൈവത്തെ മറന്നുകൊണ്ട് ജീവിത ക്ലേശങ്ങളെക്കുറിച്ച് സങ്കടം പറയാൻ പാടില്ലെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന പുസ്തകം

*രാജൻ ജോർജ്ജ്, തെങ്ങുംകാവ്, മല്ലശ്ശേരി, പത്തനംതിട്ട*

**നി**ത്യജീവിതത്തിൽ അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നങ്ങളെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് പഠിപ്പിക്കുന്ന, വായനക്കാരുടെ ഉള്ളം നിറയ്ക്കുവാൻ പര്യാപ്തമായ പുസ്തകം

*പാസ്റ്റർ ബാബു ജോർജ്ജ്, നെടുംപ്രയാർ, മാരാമൺ, കോഴഞ്ചേരി*

**ബു**ദ്ധിപരമായ തീരുമാനമെടുക്കാൻ സഹായിക്കുന്ന; നാം നേരിടുന്ന വെല്ലുവിളികൾക്കുള്ള മികച്ച ഉത്തരമാണ് ഈ പുസ്തകം.

*ജോയി കുര്യൻ, പരിയാരം, അഞ്ചേരി, കോട്ടയം*

**ഒ**രു ജീവിതമേ നമുക്കുള്ളു. അത് സന്തോഷപ്രദവും വിജയകരവുമാക്കി തീർക്കുവാൻ ആവശ്യമായ വിവരങ്ങൾ പ്രചോദനാത്മകമായ വിധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പുസ്തകമാണിത്.

*ജെ. ബാബു, പള്ളം, പന്നിമറ്റം, കോട്ടയം*

**വ**ചനത്തിന്റെ അടിത്തറയിൽ തികഞ്ഞ സ്വാഭാവികതയിൽ അനുഭവങ്ങളുടെ വെളിച്ചത്തിൽ കഷ്ടതകളെ എങ്ങനെ അഭിമുഖീകരിക്കാം എന്ന് പഠിപ്പിക്കുന്ന ഗ്രന്ഥം. നമ്മുടെ പ്രത്യാശ ക്രിസ്തുതന്നെയാണെന്ന തിരിച്ചറിവാണ് പുസ്തകത്തിന് പൂർണ്ണത നൽകുന്നത്.

*ടി.ആർ.ബേബി, എടനാട്, തടിയൂർ, പത്തനംതിട്ട*

**ഏ**കാന്തതയുടെ ഇരുൾ മനസിൽ പടർന്ന് മൂടുമ്പോൾ വെളിച്ചത്തിലേക്കുള്ള വഴി ചൂണ്ടികാണിക്കുന്ന പുസ്തകം. തിരുവചനത്തിലേക്ക് മിഴികൾ തുറന്നു വച്ച് അവിടെ നിന്നും ലഭിച്ച അറിവുകളെ ആത്മീയമായി സമന്വയിപ്പിക്കുകയാണ് ഈ പുസ്തകത്തിലൂടെ ഗ്രന്ഥകർത്താവ് ചെയ്യുന്നത്. വായനക്കാരിലേക്ക് ആത്മീയ സന്തോഷം പകരുന്ന പുസ്തകം.

*പാസ്റ്റർ കെ.എ.ജോസ്, മലക്കര, ഇടയാറന്മുള*

**നി**ത്യജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമായി തകർന്നും തളർന്നും പോകുന്നവരുടെ കാഴ്ചപ്പാടുകളും ധാരണകളും തിരുത്തിക്കുറിക്കുവാൻ സഹായിക്കുന്ന പുസ്തകമാണിത്. വിഷയങ്ങളെ അപഗ്രഥനാത്മകമായി സമീപിക്കുകയും സാധ്യമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത.

*പാസ്റ്റർ സി.ജെ. ജെസ്റ്റിൻ, തെള്ളിയൂർ, വെണ്ണിക്കുളം.*

## വേദാഭിമാനി ഇനിയും സൗജന്യമായി ലഭിക്കയില്ല

പത്രകടലാസിനും അനുബന്ധ ഉൽപന്നങ്ങൾക്കും വലിയ വിലവർദ്ധനയാണ് സമീപകാലത്ത് ഉണ്ടായിരിക്കുന്നത്. അങ്ങനെ ഉത്പാദന-വിതരണ ചെലവിൽ വന്ന വൻ വർദ്ധനമൂലം വേദാഭിമാനി പത്രത്തിന് വരിസംഖ്യ ഏർപ്പെടുത്തുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് കഴിഞ്ഞ 14 വർഷമായി വേദാഭിമാനി ക്രൈസ്തവ വിജ്ഞാനപത്രം സൗജന്യമായി ലഭിച്ചിരുന്നവർ ദയവായി ശ്രദ്ധിക്കുക. 2014 മെയ് ലക്കത്തോടെ സൗജന്യ വിതരണം ഞങ്ങൾ അവസാനിപ്പിക്കുകയാണ്. വരിസംഖ്യ നൽകാത്തവർക്ക് ഇനി വേദാഭിമാനി ലഭിക്കുന്നതല്ല. തുടർന്നും വേദാഭിമാനി ലഭിക്കുവാൻ താൽപര്യപ്പെടുന്നുവെങ്കിൽ വരിസംഖ്യയായ 150 രൂപ ഉടൻ അയയ്ക്കുക. സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം വരിസംഖ്യ അയയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ: വേദാഭിമാനി വായിക്കാൻ താൽപര്യപ്പെടുന്നതിന്റെ കാരണവും തുടർന്നു ലഭിക്കേണ്ട വിലാസവും വ്യക്തമാക്കി കത്ത് അയയ്ക്കുക. വരിസംഖ്യയോ, വേദാഭിമാനി ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തോ അയയ്ക്കാത്ത ആർക്കും മേലിൽ വേദാഭിമാനി അയയ്ക്കുന്നതല്ല.

### വാർഷിക വരിസംഖ്യ

ഇന്ത്യയിൽ : 150 മറ്റ് രാജ്യങ്ങൾ : 2000

വിലാസം
ടൈറ്റസ് കാർത്തികപ്പള്ളി
പുന്നൂത്തറ, കാർത്തികപ്പള്ളി, കേരള – 690516
ഫോൺ: 0479 2486783, 3201787, 9847232598, 9847990939
E-mail: vedabhimani@gmail.com Visit us : www.vedabhimani.com



# വിട്ടുകളയുക: പറ്റിച്ചേരുക

**ഉ**യർന്ന ആത്മീയ ആവശ്യം ചൂണ്ടിക്കാണിക്കുവാൻ ക്രിസ്തു ഉപയോഗിച്ചത് അടിസ്ഥാനപരമായ ഭൗതിക ആവശ്യത്തെയാണ്. ഗിരിപ്രഭാഷണത്തിൽ, "നീതിക്കുവേണ്ടി" വിശപ്പും ദാഹവും ഉള്ളവരാകുവാൻ അവൻ പറഞ്ഞു (മത്താ. 5:6). ഓരോ ആത്മാവിലും ദൈവത്തിനുവേണ്ടി ദാഹിക്കുന്ന ഒരംശമുണ്ട്, എന്നാൽ ആ ആത്മീകമായ തീക്ഷ്ണത, സമ്പാദ്യങ്ങൾ, സുഖഭോഗം, പ്രസിദ്ധി എന്നിവയുമായി ചേർന്ന് മന്ദീഭവിച്ചിരിക്കുന്നു. അവസാനം, എങ്ങനെയായാലും, ഉപ്പുവെള്ളം ശാരീരികമായ ദാഹം ശമിപ്പിക്കാത്തതുപോലെ അത്തരം അനുഭവങ്ങൾ ആത്മാവിനെ ഒരിക്കലും തൃപ്തിപ്പെടുത്തുകയില്ല. ആത്മാവിനെ തൃപ്തിപ്പെടുത്തുവാൻ കർത്താവിനു മാത്രമേ കഴിയൂ. ആദ്യത്തെ ആവശ്യം, നമ്മുടെ ഉള്ളിൽ കത്തിയെരിയുന്ന, തീരാത്ത ദാഹമാണുള്ളതെന്ന് സമ്മതിക്കണം.

ദാഹം ശമിപ്പിക്കുവാൻ, ഏക വ്യക്തി മാത്രമേയുള്ളൂ, അതു ക്രിസ്തുവാണ്. "എനിക്ക് ദാഹിക്കുന്നു" എന്നു പറഞ്ഞാൽ മാത്രം പോരാ; നമ്മെ പുതുക്കുവാൻ ഉള്ള ഉറവിടം യേശു മാത്രമാണെന്നു സമ്മതിക്കണം. കർത്താവു പറഞ്ഞു, "ദാഹിക്കുന്നവൻ, എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ.... 'ഉള്ളിൽ നിന്ന് ജീവജല നദികൾ ഒഴുകും" (യോഹ. 7:37,38; എംഫസിസ് മൈൻ). കർത്താവു അതു നൽകുവാൻ നാം ചിലതു ചെയ്യണം. "വന്ന്" "കുടിക്കട്ടെ" എന്നീ വാക്കുകളിലൂടെ അത് വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവിലേക്കു വരിക എന്നു പറഞ്ഞാൽ അവനെ കർത്താവായി അംഗീകരിക്കയും അവന്റെ ഇഷ്ടം ചെയ്യുവാൻ ഒരാൾ സമർപ്പിക്കപ്പെടുകയും വേണം. കുടിക്കുക എന്നാൽ അവന്റെ അനുഗ്രഹങ്ങൾ പങ്കിടുകയും വ്യക്തിത്വത്തിന്റെ ഭാഗമാകുകയും വേണം. നാം യേശുവിൽ വിശ്വസിച്ച് അവന്റെ ഇഷ്ടം ചെയ്യുമ്പോൾ, നാം അവന്റെ ഭാഗമാകുകയും അവൻ നമ്മുടെ ഭാഗമാകുകയും ചെയ്യും. പൗലോസ് ഗലാതൃയിലെ ക്രിസ്ത്യാനികൾക്ക് എഴുതി, "ക്രിസ്തു യേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ. 3:26,27; എംഫസിസ് മൈൻ).

വിട്ടുകളയുകയും പറ്റിച്ചേരുകയും വേണം. വിശ്വാസത്തെ തകർക്കുന്ന എന്തും നാം ഉപേക്ഷിക്കുകയും വിശ്വാസത്തെ ഉത്തേജിപ്പിക്കുന്ന അന്തരീക്ഷം ഉണ്ടാക്കുകയും വേണം. ഇതിൽ വിശ്വാസത്തെ -പണിയുന്ന ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും (നോക്കുക 1 കൊരി. 15:33, 2 തിമൊ. 1:5). നമ്മുടെ മനസ്സിൽ വിശ്വാസം-വർദ്ധിപ്പിക്കുന്ന വിവരങ്ങൾ നിറയ്ക്കുന്നതും ഉൾപ്പെടുന്നു (ഫിലി. 4:8). വീണ്ടും, ദൈവത്തോട് അടുക്കുവാൻവേണ്ടി നമുക്കു ചെയ്യുവാൻ കഴിയുന്നതു എല്ലാം നാം ചെയ്തുകൊണ്ട് (യാക്കോ. 4:8) അവനിൽ ആശ്രയിക്കുവാൻ ശീലിക്കണം (സങ്കീ. 37:5). ഇതിൽ നമ്മുടെ പ്രാർത്ഥനാജീവിതത്തെ ശക്തിപ്പെടുത്തുന്നതും (എഫെ. 1:18; യൂദാ. 20) തിരുവെഴുത്തുകളെ ധ്യാനിക്കുന്ന പുരാതനമായ രീതി ആർജ്ജിക്കുന്നതും ഉൾപ്പെടുന്നു. വചനത്തെ കുറിച്ച് ചിന്തിക്കുവാൻ നാം സമയം ചിലവിടണം (സങ്കീ. 1:2).

തണുത്ത, ശുദ്ധമായ, സ്ഫടിക-തുല്യമായ വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്ന, വിശാലമായ ഒരു നദി മനസ്സിൽ സങ്കൽപിക്കുക. ആ അരുവിയുടെ ഓരോ വശത്തുമായി, ഉണങ്ങി കൂമ്പാരമായി കിടക്കുന്ന - ദാഹം കൊണ്ടു മരിച്ച മനുഷ്യരുടെയും മൃഗങ്ങളുടെയും അസ്ഥിക്കൂമ്പാരം ഒരു വശത്ത്. അതിനടുത്തുകൂടെയാണ് ജീവൻ-നൽകുന്ന വെള്ളമുള്ള അരുവി ഒഴുകുന്നത്. അത്തരം അപകടകരമായ സ്ഥിതി ഭൗതിക ലോകത്തിനു മനസ്സിലാക്കുവാൻ വിഷമമാണ്, എന്നാൽ ആത്മീയ ഗോളത്തിൽ അതെല്ലാം സാധാരണയാണുതാനും. ആയിരക്കണക്കിനു, ദശലക്ഷക്കണക്കിനുപോലും ആളുകൾ, ആത്മീയജലമില്ലാതെ മരിച്ചിട്ടുണ്ട്. പ്രശ്നം എന്തായിരുന്നു എന്നുവെച്ചാൽ അവരുടെ ആത്മീയ ആവശ്യം അവർക്ക് അജ്ഞാതമായിരുന്നു. ആത്മീയ വിശപ്പും ദാഹവും അവർ അവഗണിച്ചു. പുറം മോടികളിൽ ആകൃഷ്ടരായി ഭൗതികതയ്ക്കു പിന്നാലെ അവർ അലഞ്ഞു. ഫലം മരണം. സഹോദരങ്ങളെ, നിങ്ങൾക്കത് സംഭവിക്കരുത്. മരണത്തിന്റെ കാലൊച്ച കേൾക്കുന്നതുവരെ ഒരു തീരുമാനമെടുക്കുവാൻ കാത്തിരിക്കരുത്. നിങ്ങളുടെ വിശ്വാസം പരാജയപ്പെടാതിരിക്കുവാൻ ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു (ലൂക്കോ. 22:32).

## വിശക്കുന്ന കോടീശ്വരൻ

"നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടല്ല, നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തിന്നായിട്ടു തന്നേ പ്രവർത്തിപ്പിൻ" (യോഹ. 6:27).

മരുഭൂമിയിലൂടെ യാത്രചെയ്തിരുന്ന ഒരു അറബിക്ക് വഴിതെറ്റി ഭക്ഷണം പോലുമില്ലാതെ രണ്ടുദിവസം അലയേണ്ടിവന്നു. ഒടുവിൽ അയാൾ തനിക്കു മുമ്പെപോയ യാത്രക്കാർ തങ്ങിയ ഒരു മരുപ്പച്ചയിൽ എത്തി. അല്പം ഭക്ഷണത്തിനുവേണ്ടി അയാൾ ആർത്തിയോടെ തെരഞ്ഞു. ആ തെരച്ചിലിനൊടുവിൽ ഒരു സഞ്ചി കണ്ടുകിട്ടി. അതിൽ എന്തെങ്കിലും ഭക്ഷണ സാധനങ്ങൾ കാണുമെന്ന പ്രതീക്ഷയോടെ അയാൾ ആ സഞ്ചി വലിച്ചുതുറന്നു. അതിൽ നിറച്ച് അമൂല്യങ്ങളായ രത്നങ്ങളും മുത്തുകളും ആയിരുന്നു. അയാൾ പെട്ടെന്നു തന്നെ ഒരു കോടീശ്വരനായി മാറി. എന്നാൽ അല്പസമയം കഴിയും മുമ്പെ ആ മനുഷ്യൻ വിശപ്പുകൊണ്ട് മരിച്ചു വീണു.

'നിന്റെ ദൃഷ്ടി ധനത്തിന്മേൽ പതിക്കുന്നതു എന്തിനു? അതു ഇല്ലാതെയായ്പോകുമല്ലോ. കഴുകൻ ആകാശത്തേക്കു എന്നപോലെ അതു ചിറകെടുത്തു പറന്നു കളയും' (സദൃ. 23:5).



നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

**ഡോ. പെന്നിസാർടൊരിയുടെ ഗവേഷണ പ്രബന്ധത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ലേഖനം**




"എന്റെ മനസിൽ നിന്നു ദുഃഖവും വേദനയുമെല്ലാം അകന്നു. പൊടുന്നനെ ഒരു പ്രകാശം എന്റെ കണ്ണിൽപ്പെട്ടു. കാന്തം പോലെ എന്നെ അത് ആകർഷിച്ചുകൊണ്ടിരുന്നു. ഒട്ടും പേടി തോന്നിയില്ല. എന്റെ മനസ്സ് പറഞ്ഞു, ഞാൻ മരിക്കുകയാണ്. അതേ, ഞാൻ സന്തോഷത്തോടെ മരിക്കുകയാണ്..."

ബോട്ട് അപകടത്തിനിടെ ശ്വാസം നിലച്ചുപോയ ഡെയ്‌ലി മെയിൽ ലേഖിക കൊറിന്ന ഹൊനാന്റെ അനുഭവം. വിദഗ്ധ ചികിത്സ ലഭിച്ചതുകൊണ്ട് അനുഭവം നമ്മോട് വിവരിക്കാൻ അവർക്കായി. പക്ഷേ, മരണത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പുള്ള അനുഭവം വിവരിക്കാൻ ഭൂരിപക്ഷത്തിനും കഴിയാറില്ല. മരണം ശരീരത്തെ കീഴ്പ്പെടുത്തുമ്പോഴും ശ്വാസം നിലച്ച് തലച്ചോറിലേക്കുള്ള ഓക്സിജൻ മുടങ്ങുമ്പോഴും നമ്മുടെ സഹജീവികൾ വ്യത്യസ്ഥമായ അനുഭവങ്ങളിലൂടെയാണു കടന്നുപോകുന്നത്. വേദനയും നിരാശയും ദുഃഖവുമാണ് ആ ഘട്ടത്തിൽ അവശേഷിക്കുന്നതെന്ന വാദം ശാസ്ത്രം ഉപേക്ഷിക്കുകയാണ്.

മരണത്തിൽനിന്നു മടങ്ങിവന്നവരുടെ വാക്കുകളിലൂടെയാണു ഗവേഷകർ മുന്നോട്ടുപോകുന്നത്. അവസാന നിമിഷം രോഗി കാണുന്ന ദൃശ്യങ്ങൾ തോന്നലുകളോ തലച്ചോറിൽ ഓക്സിജന്റെ അളവ് കുറയുന്നതുമൂലവുമുണ്ടായ വിഭ്രാന്തിയോ ആകാമെന്നായിരുന്നു ശാസ്ത്രലോകത്തിന്റെ വിലയിരുത്തൽ. എന്നാൽ പുതിയ പഠനങ്ങൾ മരണത്തിനു തൊട്ടുമുമ്പുള്ള അനുഭവങ്ങളെ (എൻ.ഡി.ഇ.) ഗൗരവമായി എടുക്കുകയാണ്.

17 വർഷം ലണ്ടനിലെ വിവിധ ആശുപത്രികളിൽ അത്യാഹിത വിഭാഗത്തിൽ ജോലി ചെയ്ത ഡോ. പെന്നി സാർടൊരിയാണു ശാസ്ത്രത്തെ പുതിയ ദിശയിലേക്കു നയിക്കാൻ പ്രേരിപ്പിക്കുന്നത്. എൻ.ഡി.ഇ.യെക്കുറിച്ചുള്ള ഗവേഷണത്തിനാണ് 2005ൽ അവർക്കു ഡോക്ടറേറ്റ് ലഭിച്ചത്. ആയിരക്കണക്കിനു രോഗികളുടെ മരണമാണ് ഡോ. പെന്നി നേരിട്ടു കണ്ടത്. ഏതാനും പേർ മരണത്തിനു തൊട്ടരികിലെത്തി മടങ്ങി. അവരിൽ നിന്നാണ് പെന്നിയുടെ ഗവേഷണത്തിനു തുടക്കം. തികച്ചും യാദൃശ്ചികമായി. മരണത്തിൽനിന്നു മടങ്ങിയവരുടെ അനുഭവങ്ങളിലെ സാമ്യമാണു ഡോ. പെന്നിയെ ആകർഷിച്ചത്. ആദ്യഘട്ടത്തിൽ അവ ഡയറിക്കുറിപ്പുകളായി. പിന്നീട് ഗവേഷണ പ്രബന്ധവും.




കാൻസർ സർജറിക്കുശേഷം മരണത്തിനടുത്തെത്തിയ ടോം കെന്നാഡി (60)ന്റെ അനുഭവം ഇങ്ങനെ. ഡോ. പെന്നിയുടെ മുന്നിൽവെച്ചാണ് കെന്നാഡ് മരണവുമായി മുഖാമുഖം നടത്തിയത്. "പെട്ടെന്നാണു കെന്നാഡിനു ബോധം നഷ്ടമായത്. ശരീരം തണുത്തു തുടങ്ങി. വേദന അറിയാനുള്ള കഴിവും നഷ്ടമായി. ത്വക്കിലെ ജലാംശം അപ്രത്യക്ഷമായി. രക്തസമ്മർദം കുറഞ്ഞു. തലച്ചോറിൽ ഓക്സിജന്റെ അളവും നാമമാത്രമായി. ഓക്സിജൻ നൽകിയ ശേഷം ഞാനും ഡോക്ടർമാരും നിസഹായരായി അദ്ദേഹത്തിന്റെ അന്ത്യനിമിഷങ്ങൾ വീക്ഷിക്കാൻ തുടങ്ങി. ശാന്തമായി ഉറങ്ങുന്നതുപോലെ മൂന്നു മണിക്കൂർ. അതിനു ശേഷം കെന്നാഡ് ജീവിതത്തിലേക്കു മടങ്ങിവന്നു". പെന്നിയുടെ കാഴ്ചകൾക്കു മറ്റൊരു വിശദീകരണമാണു കെന്നാഡ് നൽകിയത്. "പെട്ടെന്നാണു ശരീരത്തിൽ നിന്നു ഞാൻ പൊങ്ങുന്നതുപോലെ എനിക്ക് തോന്നിയത്. എന്റെ ശരീരം കട്ടിലിൽ കിടക്കുന്നതും നഴ്സുമാർ പരിശ്രമിക്കുന്നതും ഞാൻ കണ്ടു. പക്ഷേ, ദുഃഖം തോന്നിയില്ല. വേദനകൾ എല്ലാം അവസാനിച്ചു. പതിയെ ഞാൻ ആശുപത്രിവിട്ടു പ്രകാശത്തിലേക്കു നീങ്ങി. പിങ്ക് നിറത്തിലുള്ള മുറിയിലാണ് ആദ്യം എത്തിയത്. അവിടെ എന്റെ അച്ഛനെ കണ്ടു. മനസുകൊണ്ട് അദ്ദേഹത്തോട് ഞാൻ സംസാരിച്ചു. അപ്പോഴാണ് ആരോ എന്നെ സ്പർശിച്ചതായി തോന്നിയത്. വേദനകളും മടങ്ങിയെത്തി. കണ്ണു തുറന്നപ്പോൾ ഡോക്ടറെയും നഴ്സുമാരെയുമാണു കണ്ടത്" – തന്നെ രക്ഷിക്കാൻ നടത്തിയ ശ്രമങ്ങൾ നേരിൽ കണ്ടതുപോലെ പിന്നീട് അദ്ദേഹം വിവരിച്ചു.

"ഇതാണു മരണമെങ്കിൽ ഞാൻ സന്തോഷപൂർവം സ്വീകരിക്കും" – കെന്നാഡ് കൂട്ടിച്ചേർത്തു. മരണത്തോട് അടുക്കുമ്പോൾ മരിച്ചവരെ കാണുന്നതായുള്ള വെളിപ്പെടുത്തലിനു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മരുന്നുകളുടെ പ്രവർത്തനം മൂലമാണ് ഇത്തരം തോന്നലുകളെന്നാണ് ഒരു വിശദീകരണം. എന്നാൽ മരുന്നുകളുടെ പ്രവർത്തനം തളർത്തിയ മനസുകളിൽ ഒന്നുപോലും ഇത്തരം ദൃശ്യങ്ങൾ വിശദീകരിച്ചിട്ടില്ലെന്നും പെന്നി പറയുന്നു.

ഡയറിക്കുറിപ്പുകളിൽനിന്നു പെന്നി അവസാന നിമിഷത്തെക്കുറിച്ചു കരുതുന്നത് ഇങ്ങനെയാണ്. "മരണത്തോട് അടുക്കുമ്പോൾ മനോഹരമായ കാഴ്ചകൾ മുന്നിലെത്തും. പിങ്ക് നിറത്തിലുള്ള മുറി, ഭംഗിയുള്ള പൂന്തോട്ടം, നദിക്കര..... പിന്നീട് പ്രകാശത്തിലേക്കു തുരങ്കത്തിലൂടെ യാത്ര പോകുന്നതായി തോന്നും. വിശദീകരണത്തിനു ശാസ്ത്രത്തിന്റെ പിൻബലം ഇല്ലെന്നറിയാം. പക്ഷേ, ചിലപ്പോഴെങ്കിലും ശാസ്ത്രത്തിനപ്പുറമായി ചിന്തിക്കേണ്ടിവരും.

ഇത്തരം തോന്നൽ മനസിന്റെ ദുർബലാവസ്ഥയെ കാണിക്കുന്നതെന്നായിരുന്നു ഒരു മനഃശാസ്ത്രജ്ഞന്റെ വിശദീകരണം. എന്നാൽ മരണത്തെ ഭയമില്ലാതെ സമീപിക്കുന്നവരായിരുന്നു പലരും. തലച്ചോറിൽ ഓക്സിജന്റെ അളവ് കുറയുമ്പോൾ തോന്നൽ ഉണ്ടാകാമെന്ന വിശദീകരണവുമെത്തി. ഈ വിശദീകരണം വിശ്വസിച്ചാൽ ഹൃദയസ്തംഭനം ഉണ്ടാകുന്നവർക്കെല്ലാം പ്രത്യേക അനുഭവം ഉണ്ടാകണം. ഹൃദയാഘാതം മൂലം മരണത്തിന് അടുത്തെത്തിയവരിൽ 17.9 ശതമാനത്തിനു മാത്രമാണ് ഇത്തരം തോന്നൽ ഉണ്ടായത്. കാർബൺ ഡയോക്സൈഡിന്റെ അളവ് കൂടിയാൽ തോന്നൽ ഉണ്ടാകുമെന്ന വാദത്തിനും തെളിവ് ലഭിച്ചില്ല. മരുന്നുകളുടെ പ്രതിപ്രവർത്തനമാണെന്നാണു മറ്റൊരു വാദം. എന്നാൽ അനുഭവം ഉണ്ടായവരിൽ 20 ശതമാനത്തിനു മരുന്ന് നൽകുന്നതിനു മുമ്പേ മരണത്തുമ്പത്തുള്ള അവസ്ഥയിലെത്തി.

മതവിശ്വാസം നൽകിയ തോന്നൽ എന്ന വാദത്തിനു മറുപടിയായി നിരീശ്വരവാദികളുടെ അനുഭവങ്ങളുമുണ്ട്. ശരീരത്തിന്റെ പരിമിതികളെ അവസാന നിമിഷം മറികടക്കുന്നവരുണ്ട്. അൽഷിമേഴ്സ് ബാധിച്ചു സംസാരശേഷി നഷ്ടപ്പെട്ട വയോധിക അവസാന നിമിഷങ്ങളിൽ വ്യക്തമായി സംസാരിച്ചു. ജന്മനാ കേഴ്‌വി ശക്തിയില്ലാത്ത പെൺകുട്ടി മരണത്തിലേക്ക് ഊളിയിട്ടപ്പോൾ ശബ്ദങ്ങൾ കേട്ടു. അവയവങ്ങൾക്കപ്പുറമായിരുന്നു സംസാരം. വ്യക്തികൾക്കു ആശയവിനിമയം നടത്താൻ വായകളും ചെവികളും വേണ്ട. പെന്നിയോട് മരണത്തുമ്പത്തെ അനുഭവങ്ങൾ പങ്കുവച്ചവരിൽ ബാലസാഹിത്യകാരി ഷെല്ലി പാർക്കർ (39), കെൻഎബേർട്ട് (29) തുടങ്ങിയവരുമുണ്ട്. കാൻസർരോഗ ചികിത്സയ്ക്കിടയാണു ഷെല്ലി മരണത്തിനടുത്തെത്തിയത്. സൈക്കിൾ അപകടത്തിലാണു എബേർട്ട് മരണത്തുമ്പത്ത് എത്തിയത്.

1997–ലാണു മരണത്തിനു തൊട്ടുമുമ്പുള്ള നിമിഷങ്ങളെക്കുറിച്ചു പഠിക്കാൻ പെന്നി ഇറങ്ങുന്നത്. തികച്ചും ശാസ്ത്രീയമായാണു വിഷയത്തെ സമീപിച്ചതെന്ന് അവർ പറയുന്നു. ആധുനിക വൈദ്യശാസ്ത്രം മരിച്ചെന്നു പ്രഖ്യാപിക്കുന്നവരാണു നിരീക്ഷണത്തിനു തെരഞ്ഞെടുക്കപ്പെട്ടത്. അവരെല്ലാം പൂർണ അബോധാവസ്ഥയിലായിരുന്നു. ഹൃദയം നിലച്ചിരുന്നു. ഇവർ എങ്ങനെ ജീവിതത്തിലേക്കു മടങ്ങിവന്നെന്ന ആകാംക്ഷയായിരുന്നു ഗവേഷണത്തിനു പിന്നിൽ. ഡോ. പെന്നിയുടെ അനുഭവങ്ങൾ നേരിട്ട് അറിയാൻ താൽപര്യം കാണിച്ചവരിൽ ലോകനേതാക്കളും ബ്രിട്ടീഷ് കിരീടവകാശി ചാൾസ് രാജകുമാരനുമുണ്ട്.

ഡയറിക്കുറിപ്പുകൾക്കപ്പുറം മരണത്തിൽനിന്നു തിരിച്ചുവന്നവരെ ഒരിക്കൽകൂടി കാണാൻ അവർ പോയി. പലരുടെയും ജീവിത രീതിയിൽ വലിയ മാറ്റമാണ് ഉണ്ടായത്. വലിയ വിഭാഗം സാമൂഹിക പ്രവർത്തകരായി. ചിലർ വൈദികരായി. ഏതു വെല്ലുവിളികളെയും നേരിടാൻ പ്രാപ്തിയുള്ളവരായി ഭൂരിപക്ഷവും. മരണമുഖത്തുനിന്ന് രക്ഷപെട്ടവരെല്ലാവരും കടുത്ത ദൈവവിശ്വാസികളായി മാറി എന്നതാണ് ശ്രദ്ധേയമായ വസ്തുത.

**ജെ.പി. ദീപിക**




സ്കോട്ട്‌ലൻഡിലെ ഒരു കടലോര പട്ടണം. നേരം സന്ധ്യയോടടുക്കുന്നു. പതിവുപോലെ ആ ഹോട്ടലിന്റെ ഭക്ഷണശാലയിൽ ധാരാളം പേരുണ്ട്. ഭക്ഷണം കഴിക്കുന്നതോടൊപ്പം പിന്നിട്ട പകലിനെക്കുറിച്ചുള്ള ചർച്ചകൾ, രസകരമായ സംഭവങ്ങളുടെ അയവിറക്കൽ, പൊട്ടിച്ചിരികൾ തുടങ്ങിയവയെകൊണ്ടു സജീവമാണു ഭക്ഷണശാല. ഒരു മേശയ്ക്കു ചുറ്റും ചായയ്ക്ക് ഓർഡർ ചെയ്ത് 'വെടിവട്ട' ത്തിൽ മുഴുകിയിരിക്കുന്നവർ എല്ലാം മീൻപിടിത്തക്കാരാണ്. സ്വാഭാവികമായും സംസാരം മീൻപിടുത്തത്തെക്കുറിച്ചായി. തങ്ങൾ പിടിച്ച മീനുകൾ, വലയിൽ കുരുങ്ങിയിട്ടും രക്ഷപെട്ടുപോയ വമ്പൻ മത്സ്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരണങ്ങൾ...

ഇതിനിടെ ആവേശം കയറിയ ഒരു മത്സ്യത്തൊഴിലാളി ചാടിയെഴുന്നേറ്റു തന്റെ വലയിൽ നിന്നു വഴുതിപ്പോയ മീനിന്റെ വലിപ്പം കാണിക്കുകയാണ് – "ദാ, ഇത്രയും വലുതായിരുന്നു അത്" എന്ന് പറഞ്ഞ് അയാൾ കൈകൾ വിടർത്തിയതും അതു ചായക്കപ്പുകളുമായി ധൃതിയിൽ വരികയായിരുന്ന പരിചാരികയുടെ ട്രേയിൽ തട്ടി ചിതറിത്തെറിച്ചതും ഒരു നിമിഷംകൊണ്ടു കഴിഞ്ഞു.

ചായ നിലത്തുപോയതു പോകട്ടെ, ചായ തട്ടിത്തൂവി, വെള്ളയടിച്ച ഭിത്തിയിൽ വൃത്തികെട്ട ഒരു മഞ്ഞ വലിയ പാട് രൂപംകൊണ്ടു. എല്ലാവരും വല്ലാതെയായി. മത്സ്യത്തൊഴിലാളിയുടെ വിഷമം പറഞ്ഞറിയിക്കാൻ വയ്യ. അയാൾ ആവർത്തിച്ച് ഉച്ചത്തിൽ ക്ഷമാപണം പറഞ്ഞെങ്കിലും ഭിത്തി മുഴുവൻ വൃത്തികേടാക്കിയ ആ പാടിലേക്കു നോക്കിയപ്പോൾ അയാളുടെ കണ്ണുകളിൽ ഖേദം ബാക്കി നിന്നു.

"സാരമില്ല" എല്ലാം കണ്ടുകൊണ്ടിരുന്ന ഒരാൾ ചാടിയെണീറ്റു. അയാൾ പോക്കറ്റിൽ നിന്നു ചായപ്പെൻസിലുകൾ പുറത്തെടുത്തു. ഭിത്തിയിലെ ആ പാടിനെ ചിത്രത്തിന്റെ ഭാഗമാക്കി മാറ്റിക്കൊണ്ട് അയാൾ അതിമനോഹരമായ ഒരു ചിത്രം അവിടെ വരച്ചുതീർത്തത് വളരെ വേഗമാണ്! കടലിൽ നിന്ന് ഉയർന്നുവന്ന ഒരു വമ്പൻ സ്രാവിന്റെ തുടിക്കുന്ന ചിത്രം! ചായച്ചാലുകൾ ഒലിച്ചിറങ്ങിയ പാടുകൾ സ്രാവിന്റെ ചിറകും അതിന്റെ തുറന്ന വായിലെ കൂർത്ത പല്ലുകളുമായി മാറി. ആരും നോക്കി നിന്നു പോകുന്ന അതിമനോഹരമായ ഒരു പെയിന്റിംഗ്. ആ പെയിന്റിംഗ് വരച്ച മനുഷ്യൻ പ്രശസ്തനായ എഡ്‌വിൻ ലാൻഡ്സീർ ആയിരുന്നു – മൃഗങ്ങളുടെ ചിത്രം വരയ്ക്കുന്നതിൽ ഇംഗ്ലണ്ടിലെ ഏറ്റവും മികച്ച കലാകാരൻ.

ഒരു കലാകാരന് വൃത്തികെട്ട, മഞ്ഞ പാടുകളെ അത്യുത്തമമായ ഒരു കലാസൃഷ്ടിയാക്കി മാറ്റാൻ കഴിയുമെങ്കിൽ, ഞാൻ എന്നെ സമ്പൂർണ്ണമായി ഏൽപ്പിച്ചുകൊടുത്താൽ എന്റെ കുറ്റങ്ങളെയും കുറവുകളേയും സർവ്വശക്തനായ ദൈവത്തിന് മനോഹരമാക്കാൻ കഴിയാതിരിക്കുമോ?

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# മനുഷ്യനിലും പ്രകൃതിയിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്

ഒരിക്കൽ കുറെ കുട്ടികൾ ഒരു മലഞ്ചെരുവിൽ കളിക്കുകയായിരുന്നു. അതിനിടയിൽ ധാന്യമണി പോലെയിരിക്കുന്ന ഒരു സാധനം അവർ കണ്ടെത്തി. ഒരു കോഴിമുട്ടയോളം വലുപ്പമുണ്ടായിരുന്ന ആ സാധനം എന്താണെന്ന് അവർക്കു മനസിലായില്ല. അപ്പോൾ അതുവഴി കടന്നുപോയ ഒരാൾ അതു കാണുവാനിടയായി. അയാൾ കുട്ടികൾക്കു ചില്ലിക്കാശുകൊടുത്ത് അതു വാങ്ങിച്ചു.

അതിനുശേഷം അയാൾ നേരെ പോയത് കൊട്ടാരത്തിലേക്കായിരുന്നു. അയാൾ കൊണ്ടുവന്ന സാധനം എന്താണെന്നു മനസിലായില്ലെങ്കിലും കൗതുകം തോന്നിയതുകൊണ്ടു നല്ല തുക കൊടുത്തു രാജാവ് അതു വാങ്ങി. പിന്നീടു തന്റെ ഉപദേശകരെ വിളിച്ചു താൻ വിലയ്ക്കു വാങ്ങിയ സാധനം എന്താണെന്നു കണ്ടുപിടിക്കുവാൻ അവരെ ചുമതലപ്പെടുത്തി.



ധാന്യമണിയുടേതുപോലെയുള്ള രൂപഭാവങ്ങളുണ്ടായിരുന്ന ആ സാധനം അവർ തിരിച്ചും മറിച്ചും നോക്കിയെങ്കിലും അത് എന്താണെന്നു തീരുമാനിക്കുവാൻ അവർക്കു സാധിച്ചില്ല. അങ്ങനെ അതു വീണ്ടും രാജാവിന്റെ കൈവശമെത്തി. അദ്ദേഹം അതു ജനാലയ്ക്കരുകിൽ വയ്ക്കുകയും ചെയ്തു.

ഒരു ദിവസം ഒരു കോഴിപ്പൂവൻ അതു കണ്ടപ്പോൾ അതിൽ ആഞ്ഞുകൊത്തി. അപ്പോൾ അതിൽ ഒരു ദ്വാരമുണ്ടായി. ഉടനെ അത് ഒരു ധാന്യമണിയാണെന്നു രാജാവിനു മനസിലായി. കോഴിമുട്ടയോളം വലുപ്പമുള്ള ആ ധാന്യമണി എവിടെ ഉണ്ടായതാണെന്നു കണ്ടുപിടിക്കുവാനായിരുന്നു പിന്നീടു രാജാവിന്റെ ശ്രമം.

അദ്ദേഹം ഉപദേശകരെ അന്വേഷണ ചുമതല ഏൽപ്പിച്ചു. പക്ഷേ ഇത്തവണയും അവർ വിജയിച്ചില്ല. അങ്ങനെയാണ് പ്രായമുള്ള ഒരു കർഷകനോട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുവാൻ രാജാവ് തീരുമാനിച്ചത്.

അന്വേഷണത്തിന്റെ ഫലമായി വളരെ പ്രായം ചെന്ന ഒരാളെ കണ്ടുപിടിക്കുവാൻ രാജാവിന്റെ സേവകർക്ക് സാധിച്ചു. രണ്ടു കൈകളിലും വടി കുത്തിപ്പിടിച്ചു നടന്നിരുന്ന അയാൾക്കു കാണാനും കേൾക്കാനും വളരെ ബുദ്ധിമുട്ടായിരുന്നു. അയാൾ രാജസന്നിധിയിലെത്തിയപ്പോൾ രാജാവ് അയാളെ ധാന്യമണി കാണിച്ചുകൊണ്ടു ചോദിച്ചു: ഈ ധാന്യമണി എവിടെ വിളഞ്ഞതാണെന്നു നിങ്ങൾക്ക് അറിയാമോ?

ആ ധാന്യമണി ശരിക്കു കാണാൻ സാധിക്കാത്തതുകൊണ്ട് വൃദ്ധൻ അതു കൈയിൽ വാങ്ങി വിരലുകൾ കൊണ്ടു പരിശോധിച്ചു. അതിനുശേഷം പറഞ്ഞു: ഞാൻ ഇത്തരം ധാന്യമണി ഒരിക്കലും കണ്ടിട്ടില്ല. ഞാൻ വിതച്ചതും കൊയ്തതും ഇപ്പോൾ കാണുന്നതുപോലെയുള്ള ചെറിയ ധാന്യമണികളായിരുന്നു.

അൽപ്പനിമിഷത്തെ നിശബ്ദതയ്ക്കുശേഷം അയാൾ വീണ്ടും പറഞ്ഞു: ഒരുപക്ഷേ എന്റെ പിതാവിനോടു ചോദിച്ചാൽ എന്തെങ്കിലും വിവരം തരുവാൻ അദ്ദേഹത്തിനു സാധിക്കുമായിരിക്കും. രാജാവ് ഉടനെ ആ വൃദ്ധന്റെ പിതാവിനെ കണ്ടുപിടിച്ചു തന്റെ സന്നിധിയിലെത്തിക്കാൻ സേവകരോട് ആജ്ഞാപിച്ചു. സേവകർ പോയി വേഗം അയാളെ കൊണ്ടുവന്നു. നടക്കുവാൻ അയാൾക്ക് ഒരു ഊന്നുവടിയുടെ സഹായമേ വേണ്ടിവന്നിരുന്നുള്ളു. കാഴ്ചയിലും കേൾവിയിലും അയാൾക്കു വലിയ പോരായ്മ ഉണ്ടായിരുന്നില്ല. രാജാവ് അയാളോടു ചോദിച്ചു: ഈ വലിയ ധാന്യമണി എവിടെയാണ് വിളഞ്ഞത് എന്നു നിങ്ങൾക്ക് അറിയാമോ. ഇതുപോലെയുള്ള ധാന്യമണി നിങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്തിട്ടുണ്ടോ?

ഉടനെ അയാൾ പറഞ്ഞു: ഇത്രയും വലിയ ധാന്യമണി ഞാൻ കണ്ടിട്ടില്ല. എന്നാൽ പണ്ടത്തെ ധാന്യമണികൾക്ക് ഇപ്പോഴത്തെ ധാന്യമണികളേക്കാൾ വലുപ്പമുണ്ടായിരുന്നു. എന്റെ പിതാവ് പറഞ്ഞു കേട്ടിട്ടുള്ളത് അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന ധാന്യമണികൾ ഏറെ വലുപ്പമുണ്ടായിരുന്നവയായാണ്. ആ വൃദ്ധൻ പറയുന്നത് രാജാവ് കൗതുകപൂർവം കേട്ടുനിൽക്കുമ്പോൾ വൃദ്ധൻ തുടർന്നു: എന്റെ പിതാവ് ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹത്തോടു ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ അറിയാൻ സാധിക്കും.

രാജാവ് ആജ്ഞാപിച്ചതനുസരിച്ച് അധികം താമസിയാതെ ആ വൃദ്ധന്റെ പിതാവിനെ സേവകർ കണ്ടെത്തി അദ്ദേഹത്തെ രാജസന്നിധയിലെത്തിച്ചു. ഊന്നുവടികളുടെ സഹായമില്ലാതെയായിരുന്നു ആ മുത്തച്ഛൻ രാജസന്നിധിയിലെത്തിയത്. രാജാവ് ഉടനെ തന്റെ കൈയിലിരുന്ന വലിയ ധാന്യമണി ആ മുത്തച്ഛനെ കാണിച്ചുകൊണ്ടു ചോദിച്ചു: ഇത്രയും വലിയ ധാന്യമണി മുമ്പ് കണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെയാണ് അവ വിളഞ്ഞിരുന്നത്?

ചോദ്യം കേട്ട ഉടനെ ആ മുത്തച്ഛൻ പറഞ്ഞു: ഞാൻ ചെറുപ്പമായിരുന്നപ്പോൾ ഇത്രയും വലിയ ധാന്യമണികളായിരുന്നു വിളഞ്ഞിരുന്നത്. ഇവയാണ് ഞങ്ങളും മറ്റുള്ളവരും ഭക്ഷിച്ചിരുന്നത്. അപ്പോൾ രാജാവ് ചോദിച്ചു: ഇത്രയും വലിയ ധാന്യമണികൾ വിൽക്കുകയോ വാങ്ങുകയോ ചെയ്തിട്ടുണ്ടോ? ഉടൻ മുത്തച്ഛൻ പറഞ്ഞു: എന്റെ ചെറുപ്പകാലത്ത് വിൽക്കുകയോ വാങ്ങുകയോ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. എല്ലാവർക്കും എല്ലാ സാധനങ്ങളും ആവശ്യത്തിന് ഉണ്ടായിരുന്നു.

അപ്പോൾ രാജാവ് ചോദിച്ചു: എവിടെയായിരുന്നു നിങ്ങളുടെ കൃഷി ഭൂമി. ഉടനെ മുത്തച്ഛൻ പറഞ്ഞു: ഈ ഭൂമിയായിരുന്നു എന്റെ കൃഷിയിടം. ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതായിരുന്നതുകൊണ്ട് എനിക്കു സൗകര്യപ്രദമായ സ്ഥലത്തു ഞാൻ കൃഷി ചെയ്തു. അധ്വാനം മാത്രമേ സ്വന്തമായി അന്നു ഞങ്ങൾ പരിഗണിച്ചിരുന്നുള്ളു.

അപ്പോൾ രാജാവ് ചോദിച്ചു: എന്തുകൊണ്ടാണ് ഇപ്പോൾ മുമ്പുണ്ടായിരുന്നതുപോലെയുള്ള വലിയ ധാന്യമണികൾ ഉണ്ടാകാത്തത്? മുത്തച്ഛൻ ഉടനെ പറഞ്ഞു: കാരണം, മനുഷ്യൻ ഇന്നു സ്വന്തം അധ്വാനത്തിന്റെ ഫലം കൊണ്ടല്ല ജീവിക്കുന്നത്. അവർ മറ്റുള്ളവരുടെ അധ്വാനഫലം കൊണ്ടു ജീവിക്കുവാൻ ശ്രമിക്കുന്നു. പണ്ടു മനുഷ്യൻ ജീവിച്ചിരുന്നതു ദൈവത്തിന്റെ നിയമം അനുസരിച്ചായിരുന്നു. ഇന്ന് അവർ ജീവിക്കുന്നതാകട്ടെ സ്വന്തം നിയമം അനുസരിച്ചും.

സുപ്രസിദ്ധ റഷ്യൻ സാഹിത്യകാരനായ ലിയോടോൾസ്റ്റോയി (1828–1910) എഴുതിയ ഒരു ചെറുകഥയുടെ ചുരുക്കമാണു മുകളിൽ കൊടുത്തിരിക്കുന്നത്. 'ദ ഗ്രെയ്ൻ ആസ് ബിഗ് ആസ് എ ഹെൻസ് എഗ്' എന്ന പേരിലുള്ള ആ ചെറുകഥ നമ്മെ അനുസ്മരിപ്പിക്കുന്നതു മനുഷ്യരിലും പ്രകൃതിയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളാണ്.

മനുഷ്യൻ ദൈവത്തിന്റെ നിയമം അനുസരിച്ചു ജീവിച്ചിരുന്ന കാലത്ത് പ്രകൃതി മനുഷ്യനെ കനിഞ്ഞനുഗ്രഹിച്ചിരുന്നു. എന്നാൽ, മനുഷ്യൻ ദൈവത്തിന്റെ നിയമം മറന്നു സ്വന്തം നിയമം നടപ്പിലാക്കി സ്വാർത്ഥനായി ജീവിക്കുവാൻ തുടങ്ങിയതോടെ പ്രകൃതിയിലും മനുഷ്യനിലുമൊക്കെ മാറ്റങ്ങൾ ഏറെ ഉണ്ടായത്രേ.

ഈ കഥ വായിക്കുമ്പോൾ നാം ആദ്യം ചിന്തിക്കേണ്ടതു നാം ആരുടെ നിയമങ്ങളാണു പാലിക്കുന്നത് എന്നാണ്. നാം പാലിക്കുന്നതു ദൈവത്തിന്റെ നിയമങ്ങളാണെങ്കിൽ നമുക്കു സന്തോഷിക്കുവാൻ വകയുണ്ട്. എന്നാൽ നാം പാലിക്കുന്നതു നമ്മുടെതന്നെ സ്വാർഥ നിയമങ്ങളാണെങ്കിൽ നാം ലജ്ജിക്കുകതന്നെ വേണം. കാരണം, അതുവഴിയായി നമ്മുടെ ലോകത്തിനും നമുക്കു തന്നെയും ചെയ്യുന്ന ദ്രോഹം വളരെ വലുതായിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

## ആവശ്യമില്ലാത്ത വിഷമങ്ങൾ

"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ" (1 പത്രോ. 4:7).

ടോസ്കാനിനി ഒരു പ്രമുഖ സംഗീത ഗ്രൂപ്പിലെ സംഗീത സംവിധായകനായിരുന്നു. ഒരു സംഗീത പരിപാടിക്കു മുമ്പായി അദ്ദേഹത്തിന്റെ ഗ്രൂപ്പിലെ ഒരംഗം തന്റെ സംഗീത ഉപകരണം തകരാറിലാണെന്ന് വളരെ വിഷമത്തോടെ അറിയിച്ചു. ടോസ്കാനിനി അദ്ദേഹത്തെ നോക്കി ചിരിച്ചുകൊണ്ട് ധൈര്യപ്പെടുത്തി. 'വിഷമിക്കേണ്ട, ഇന്നത്തെ സംഗീത പരിപാടിയിൽ താങ്കളുടെ ഉപകരണം ആവശ്യമായി വരികയില്ല.' ആ വ്യക്തി ആവശ്യമില്ലാതെ വിഷമിക്കുകയായിരുന്നു.

ഒരിക്കലും സംഭവിക്കാത്ത കാര്യങ്ങളെക്കുറിച്ച് ആകുലചിത്തരായവരാണ് തന്റെ രോഗികളിൽ നാല്പത് ശതമാനം എന്ന് ഒരു മനഃശാസ്ത്രജ്ഞൻ പറയുകയുണ്ടായി. മറ്റൊരു മുപ്പത് ശതമാനം ആകട്ടെ സ്വയം രോഗികളായി സങ്കൽപ്പിച്ച് ആകുലതയ്ക്ക് അടിമകളായവരാണ്. ബാക്കിയുള്ളവരാകട്ടെ തങ്ങളുടെ കുടുംബത്തെയും സുഹൃത്തുക്കളെയും അയൽവാസികളെയും ഓർത്ത് വിഷമിക്കുന്നവരാണ്. ഇവരുടെ എല്ലാം കാര്യത്തിൽ അവർ ഭയപ്പെടുന്നതിന് യാതൊരു അടിസ്ഥാനവുമില്ലെന്ന് ഡോക്ടർ കണ്ടെത്തി.

**'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്' (ഫിലി. 4:6).**





# വേദാഭിമാനിയുടെ മറുപടി

*ശാസ്ത്രീയമായും ചരിത്രപരമായും മതപരമായും വചനപ്രകാരവുമുള്ള വെല്ലുവിളികൾക്ക് മറുപടി പറയാൻ പ്രാപ്തരായ വേദപണ്ഡിതർ ഇല്ലാ എന്നിടത്താണ് വേദാഭിമാനിയുടെ പ്രസക്തി. പലരും പറയാൻ മടിയ്ക്കുന്ന, പലർക്കും പറയാൻ കഴിയാത്ത എത്രയോ യാഥാർത്ഥ്യങ്ങൾ താങ്കൾ അവതരിപ്പിച്ചു. പ്രത്യേകിച്ച് പെന്തക്കോസ്ത്, സ്ത്രീ പ്രസംഗകർ തുടങ്ങിയ വിഷയങ്ങളിൽ ആർക്കും മറുപടി പറയാൻ കഴിയാത്ത വിധം പഴുതുകൾ അടച്ചാണ് നിങ്ങൾ വിഷയങ്ങൾ അവതരിപ്പിച്ചത്. എന്നിട്ടും പെന്തക്കോസ്തുസമൂഹം എന്തുകൊണ്ട് അത് അംഗീകരിച്ചില്ലായെന്ന് ചിന്തിച്ചിട്ടുണ്ടോ? പെന്തക്കോസ്തു സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് മാറിനിൽക്കുന്നതുകൊണ്ടാണ് താങ്കളെ അംഗീകരിക്കേണ്ടവിധം ജനം അംഗീകരിക്കാത്തത്. ഇനിയെങ്കിലും സമൂഹത്തിലേക്ക് ഇറങ്ങിവരിക. ജനത്തിന് താങ്കളെക്കൊണ്ട് ആവശ്യമുണ്ട്. പെന്തക്കോസ്തു സമൂഹത്തെ അംഗീകരിച്ചുകൊണ്ട് അതിനുള്ളിൽ നിന്ന് സത്യം പ്രഘോഷിക്കുക. അനുഭവിക്കുന്ന സങ്കടത്തിനും കഷ്ടത്തിനും അറുതി വരുത്തുക.*

*ഡോ. ജോൺ പെരുവന്താനം, തലപ്പാടി, പുതുപ്പള്ളി, കോട്ടയം*

ഗലാത്യയിൽ കുറേപേർ പൗലോസ്, അപ്പോസ്തലനാണോ എന്ന് സംശയിച്ചിരുന്നു. അക്കാരണത്താൽ അവന്റെ സന്ദേശം ദൈവശാസിയമായി എടുക്കാതിരുന്നു. അതിന് പൗലോസ് തന്റെ ലേഖനത്തിൽ അവർക്ക് മറുപടി കൊടുക്കുന്നുണ്ട്. അതിപ്രകാരമാണ്, പൗലോസ് അപ്പോസ്തലനായത് മനുഷ്യരിൽ നിന്നല്ല, മനുഷ്യനാലുമല്ല. യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിച്ച പിതാവായ ദൈവത്താലുമത്രേ (ഗലാ. 1:1). പൗലോസ് പറഞ്ഞത് തന്റെ അപ്പോസ്തലത്വം മനുഷ്യരിൽ നിന്നോ മനുഷ്യരാലോ അല്ല ലഭിച്ചത് എന്നാണ്. അപ്പോസ്തലത്വം സ്വർഗ്ഗത്തിൽ നിന്ന് യേശുക്രിസ്തു മുഖാന്തിരം വന്നു എന്നാണ് താൻ വ്യക്തമാക്കുന്നത്. പൗലോസ് തന്റെ അപ്പോസ്തലത്വത്തെക്കുറിച്ച് പറഞ്ഞതുപോലെ തന്നെ സഭയെക്കുറിച്ചും പറയാം. സഭ മനുഷ്യരിൽ നിന്നു വന്നതല്ല. അത് ദൈവീകമാണ്. അത് സ്വർഗ്ഗീയ പദ്ധതിയും സ്വർഗ്ഗത്തിൽ നിന്നുള്ള പ്രഖ്യാപനവും സ്വർഗ്ഗത്തിൽ നിന്ന് അയച്ചതുമാണ്. ആ ആശയം ദൈവത്തിൽനിന്നുള്ളതാണ്. അത് നടപ്പിൽ വരുത്തിയത് യേശുവിന്റെ ക്രൂശിലെ മരണത്താലും പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവിനെ അത്ഭുതകരമായി പകർന്നതിനാലുമാണ്. കർത്താവിന്റെ വചനത്താലും പരിശുദ്ധാത്മാവിന്റെ വാസത്താലും ആളുകൾ സഭയിൽ പ്രവേശിച്ച് ജീവിക്കുന്നു. സഭ ക്രിസ്തുവിന്റേതാണ്. ഒരാൾ സഭയിൽ പ്രവേശിക്കുമ്പോൾ അയാൾ മനുഷ്യ സംഘടനയിലോ ഏതെങ്കിലും പ്രസ്ഥാനത്തിലോ അല്ല പ്രവേശിക്കുന്നത്. മാനുഷിക ബുദ്ധിയിലോ നിയമങ്ങളിലോ ശക്തിയിലോ ആശ്രയിച്ചുകൊണ്ട് നമ്മുടെ നിത്യ പ്രത്യാശ കരസ്ഥമാക്കാമെന്ന് ദൈവം ഒരിടത്തും പറഞ്ഞിട്ടില്ല.

തിരുവെഴുത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ഏക ദൈവശാസിയ സുവിശേഷത്താൽ മാത്രമേ ഒരാൾക്ക് സഭയിൽ പ്രവേശിക്കുവാൻ കഴിയൂ. ക്രിസ്തുവിന്റെ വിശ്വസ്ത സഭയായി തുടരുവാനുള്ള ഏകമാർഗ്ഗം തിരുവെഴുത്തിൽ കാണുന്ന ക്രിസ്തീയ ജീവിതമാതൃക പിൻപറ്റുന്നതിലൂടെയാണ്.

ഈ സഭയ്ക്ക് തിരുവെഴുത്ത് അല്ലാതെ മറ്റൊരു വിശ്വാസപ്രമാണമില്ല. ക്രിസ്തുവല്ലാതെ മറ്റൊരു തലയുമില്ല. ക്രിസ്തുവല്ലാതെ ഒരു നേതാവോ, രക്ഷകർത്താവോ ഇല്ല. ദൈവസഭയെന്നല്ലാതെ മറ്റൊരു പേരുമില്ല.

ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ഈ ജീവിതത്തിൽ നാം ഓരോരുത്തരും വിളിയ്ക്കപ്പെട്ട നിലയിൽ അവരവരുടെതായ കർമ്മരംഗങ്ങളിൽ നിന്നുകൊണ്ട് തങ്ങളുടെതായ സംഭാവനകൾ വിശ്വാസ സമൂഹത്തിന് നൽകണം. നമുക്ക് എന്തെങ്കിലും നന്മകൾ ദൈവം നൽകിയാൽ തിരിച്ച് നാം ദൈവത്തിന് എന്ത് നൽകി എന്നുകൂടി ചിന്തിക്കണം. കിട്ടിയതും നൽകിയതും ത്രാസിൽ വച്ച് തൂക്കി നോക്കിയാൽ തട്ടുകൾക്ക് തമ്മിൽ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നില്ലെങ്കിൽ ജീവിതം പരാജയപ്പെട്ടിട്ടില്ല എന്നു മനസ്സിലാക്കാം.

എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് വാചകമടിയ്ക്കാൻ അറിയില്ല. അഭിനയിക്കാനറിയില്ല. ആരെയും ആകർഷിക്കാൻ തക്ക കഴിവില്ല. ദൈവത്തേയോ മനുഷ്യരേയോ ചൂഷണം ചെയ്യുവാനോ കബളിപ്പിക്കാനോ അറിയില്ല. ഇക്കാരണങ്ങളാലാണ് ഞാൻ സമൂഹത്തിൽ ഒറ്റപ്പെട്ടുപോയത്. ലോകത്തിൽ സ്നേഹിക്കാൻ ആരുമില്ല എന്ന തിരിച്ചറിവിൽ അഥവാ ബോധ്യത്തിൽ നിന്നാണ് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക എന്ന ഒരു ജീവിതരീതി എന്റെ ജീവിതത്തിൽ രൂപപ്പെട്ടത്.

ഭയം ഉള്ള ഒരു കുട്ടി തന്റെ പിതാവിനോട് ചേർന്നുനിൽക്കുന്നതുപോലെ ഞങ്ങൾ യേശുവിനെ മുറുകെപിടിച്ച് മുന്നോട്ടു പോകുന്നു. ലോകത്തിലേക്കിറങ്ങി ലോകക്കാരുമായുള്ള യാതൊരിടപാടുമില്ല. ലോകത്തിന്റെ ഒരാഘോഷങ്ങളിലും ആനന്ദങ്ങളിലും ഞങ്ങൾ പങ്കാളികളല്ല. സുവിശേഷവേലയിൽ നിന്ന് ഒന്നും സമ്പാദിച്ചിട്ടുമില്ല. മറ്റുള്ളവരിൽനിന്ന് വ്യത്യസ്ഥപ്പെട്ടുനിൽക്കുക, തിനിയെ നിൽക്കുക എന്ന കാഴ്ചപ്പാട് ദൈവം നൽകിയതുകൊണ്ട് കൂട്ടുചേർന്നുള്ള യാതൊരുവിധ ആത്മീയ കച്ചവടങ്ങൾക്കും ഇതുവരെ പങ്കാളിയാകുവാൻ ദൈവം അനുവദിച്ചിട്ടില്ല. ലഭിക്കുന്ന ദർശനത്തിനനുസരിച്ച് കഴിഞ്ഞ 24 വർഷക്കാലം ദൈവത്തെ സേവിച്ചു. ഒരുപക്ഷെ മറ്റുള്ളവർ എല്ലാവരും ഒരുമിച്ചു ചേർന്ന് വാൾ ഓങ്ങുമ്പോഴും ഏകനായി ദൈവശബ്ദത്തിന് കീഴ്പ്പെട്ടും വേർതിരിഞ്ഞും നിൽക്കുന്നവനെയാണ് യേശുവിനാവശ്യം എന്ന് ഞാൻ തിരിച്ചറിയുന്നു.

*സഭയുടെ നേതൃത്വത്തിൽ ഇരിക്കുന്നവരെ എന്തിന് വിമർശിക്കുന്നു? അവരെ വിമർശിച്ചിട്ട് എന്തെങ്കിലും ഫലമുണ്ടോ? അവർ നന്നായതുകൊണ്ട് സഭ നന്നാകുമോ? ഇതേക്കുറിച്ച് വേദാഭിമാനി കുറെക്കൂടി പ്രായോഗികമായി ചിന്തിക്കണം.*

*പാസ്റ്റർ ടി.എം. മാമച്ചൻ, ഊട്ടുപുര, കോന്നി, പത്തനംതിട്ട*

ആത്മീയ നേതാക്കളാലും കൃപാവരപ്രാപ്തരാലും വഞ്ചിതരായ ജനതയാണ് ഇന്നത്തെ വിശ്വാസികൾ. ഇങ്ങനെ പറയുമ്പോൾ ഉണ്ടായിതീരാവുന്ന തെറ്റിദ്ധാരണകൾ വളരെയാണെങ്കിലും ഈ സത്യം പറയാതെ വയ്യ. നിർദയരാണ് ശുശ്രൂഷകരും അവരുടെ നേതൃവൃന്ദവും. ആത്മവഞ്ചനയും പരവഞ്ചനയും മുഖമുദ്രയാക്കിയ, അലിവോ അനുകമ്പയോ തൊട്ടുതീണ്ടാത്ത കരിയറിസ്റ്റായ സ്വാർത്ഥികളുടെ ബ്രഹദ്ശക്തി. “അവനവൻ” (ധനവും മാനവും) എന്നതിൽ ഉപരിയായി എന്തെങ്കിലും ആദർശം ഇവർക്കുണ്ടെന്ന് അവരുടെ ഏറ്റവും വലിയ ആരാധകർക്കുപോലും തെളിയിക്കാനാവാത്തവിധം ശൂന്യമാണ് ഈ പ്രത്യേക ലോകം.

എന്റെ സംഘടന, എന്റെ പ്രസ്ഥാനം, എന്റെ സഭ എന്നൊക്കെ നാഴികയ്ക്ക് നാല്പതുവട്ടം വിളിച്ചുകൂവുന്ന ഇവർ, തങ്ങൾക്കും പ്രവർത്തന മൂലധനമായ തങ്ങളുടെ പ്രസ്ഥാനങ്ങൾക്കും പോറൽ പറ്റരുതെന്ന കടുംപിടുത്തമേ കൊണ്ടു നടക്കുന്നുള്ളു. വ്യക്തിപരമായ സ്ഥാനമാനങ്ങൾക്കായി ഇവർ കെട്ടാൻ മടിക്കാത്ത വേഷങ്ങൾ ഒന്നുമില്ല. തത്ത്വദീക്ഷയോ മനഃസാക്ഷിയോ ഇവർക്കില്ലേയില്ല. വിശ്വാസികളുടെ ആത്മീയ കാവൽക്കാർ എന്ന നിലയിൽ വേണ്ട ദീർഘവീക്ഷണം ഇവരിൽ തൊട്ടുതെറിച്ചിട്ടുമില്ല. വിശ്വാസികളിൽ ആത്മവിശ്വാസവും ധൈര്യവും നേർവഴിയും പകർന്നുനൽകേണ്ടവർ സത്യവും നീതിയും ഇല്ലാത്തവരാകുമ്പോൾ വലിയ അപചയമാണ് സംഭവിക്കുന്നത്. മരിച്ചുജീവിക്കുന്ന ഇവരെ കണ്ടുപഠിക്കുന്ന വിശ്വാസികളുടെ സ്ഥിതി എന്തായിരിക്കുമെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇങ്ങനെയുള്ള ഒരു സമൂഹത്തിൽ ആർക്കാണ് ആർജ്ജവമുണ്ടാകുക.

നേതൃത്വത്തിന്റെ ദൗർബല്യങ്ങൾ അവർ ഉൾപ്പെട്ടുനിൽക്കുന്ന സമൂഹത്തിന്റെ വ്യക്തിത്വവും അഭിമാനവും കെടുത്തുമെന്ന് ഓർക്കുക. വചനപ്രകാരമുള്ള ഉറച്ച തീരുമാനങ്ങളും സത്യവും നീതിയും മാത്രമാണു ആത്മീയ പ്രസ്ഥാനങ്ങളെ ശക്തമാക്കുന്നത്.

ആത്മീയജീവിതം കുട്ടിച്ചോറാക്കുന്നതിൽ നേതാക്കന്മാർ മത്സരിക്കുമ്പോൾ അതിനു കീഴിൽ ഞെരിഞ്ഞമരുന്നത് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ വിശ്വാസികളാണ്. വ്യവസായ സാമ്രാജ്യങ്ങളും എന്തിനും പോരുന്ന മാഫിയാ സംഘങ്ങളും പടുത്തുയർത്തി പ്രസ്ഥാനങ്ങളെ വിലയ്ക്കെടുക്കുന്ന ആത്മീയ നേതൃത്വം ഏതു ദിശയിലേക്കാവും ജനത്തെ നയിക്കുക? ഒരുവശത്ത് ആത്മീയ ഉന്നതികളിലേക്ക് ഉയരാൻ വെമ്പുന്ന സഭ, മറുവശത്ത് പാപത്തിന്റെ ചെളിക്കുണ്ടിലേക്ക് ആഴ്ന്നിറങ്ങുന്നത് അതീവ ആശങ്കയോടല്ലാതെ കാണാനാവില്ല. അധികാരത്തിന്റെ അകത്തളത്തിലേക്ക് കടന്നു ചെല്ലുവാൻ ഏതു വളഞ്ഞ മാർഗ്ഗവും ആകാമെന്ന ചിന്ത നമ്മുടെ ആത്മീയ നേതാക്കന്മാരുടെ മനസിൽ കടന്നുകൂടിയിട്ടുണ്ട്. അതുകൊണ്ടാവാം ഒന്നിനു പുറകേ ഒന്നായി അധാർമ്മികതയുടെ തുടർക്കഥകൾ ഉണ്ടായിട്ടും യാതൊരു സങ്കോചവും കൂടാതെ വിശ്വാസികളെ അഭിമുഖീകരിക്കാൻ ഇക്കൂട്ടർക്ക് കഴിയുന്നത്. അഴിമതിക്കും അരാജകത്വത്തിനും എതിരെ വിരൽചൂണ്ടാൻ ആത്മവിശ്വാസമുള്ള എഴുത്തുകാരും പ്രസംഗകരും നമുക്ക് ഇല്ലെന്നായിരിക്കുന്നു. വിശുദ്ധന്മാരുടെ മേലങ്കി അണിഞ്ഞ് പൊതുവേദികളിൽ പ്രത്യക്ഷപ്പെടുന്നവരുടെ വിശ്വാസ്യതയും ചോദ്യം ചെയ്യപ്പെടുന്നു. നേതാക്കൾ ആരോപണങ്ങളുടെ മുൾമുനയിൽ നിൽക്കുമ്പോൾ പാവപ്പെട്ട വിശ്വാസികൾ അന്തംവിട്ട് നിസ്സഹായതയുടെ നെടുവീർപ്പുതിർക്കുന്നു. തലയെടുപ്പുള്ളവർ പാപത്തിന്റെ തിടമ്പേറി നിൽക്കുമ്പോൾ പ്രത്യാശയുടെ പ്രഭാതം എവിടാണ് ഉദിക്കുക എന്ന് കാത്തിരിക്കുകയാണ് വിശ്വാസസമൂഹം.

ഇങ്ങനെയൊക്കെ പറയുന്നത് അപ്രായോഗികവും ഉട്ടോപ്യനുമായ ഒരു കാഴ്ചപ്പാടാണെന്ന മറുപടിയാണ് ഉടനെയുണ്ടാകുകയെന്ന് എനിക്കറിയാം. ഇവിടുത്തെ ജീർണ്ണിച്ച ആത്മീയ മുഖ്യധാര അങ്ങനെ ചിന്തിക്കാനാണ് പാവപ്പെട്ട വിശ്വാസികളെ പഠിപ്പിച്ചുവച്ചിരിക്കുന്നത്. സത്യസന്ധരും ഒപ്പം വചനത്തിൽ അടിയുറച്ചുനിൽക്കുന്ന; ഭയം ലേശമില്ലാത്ത ഒരു നേതൃത്വത്തെയാണ് ജനം പ്രതീക്ഷിക്കുന്നത്. നേതാവ് നീതിമാനും പ്രഗത്ഭനും ആയതുകൊണ്ടുമാത്രം സഭ നന്നാകണമെന്നില്ലന്നത് ശരിതന്നെ. ഓരോ വിശ്വാസിയും സ്വയം നന്നാകേണ്ടിയിരിക്കുന്നു. ഇങ്ങനെ വിശ്വാസസമൂഹം ഒന്നായി നന്നാകുമ്പോഴാണ് സഭ നന്നാകുന്നത്. സഭയുടെ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ നാം വ്യക്തികളായും സമൂഹമായും രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു. സഭാ നേതാക്കന്മാർ നന്നാകുവോളം വിശ്വാസികൾ നല്ല നടപ്പ് ശീലിക്കുക.

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st April 2014
Posted on 15th April 2014
Posted at R.M.S. Kayamkulam



## പ്രതീക്ഷയും പ്രവർത്തിയും

ഒരിക്കൽ ഒരാൾക്ക് ഒരു മരത്തിന്റെ തൈ കിട്ടി. അത് ഓറഞ്ച് മരമാണെന്ന് അയാൾ കരുതി. അയാൾ അത് മുറ്റത്ത് ഒരു കോണിൽ നട്ടു! കാലങ്ങൾ കടന്നുപോയി. ചെടി വളർന്നു "കുറച്ചുനാൾ കൂടി കഴിഞ്ഞാൽ ഓറഞ്ച് തിന്നാം!"എന്നാൽ മരം കായ്ചപ്പോഴോ? അതിലുണ്ടായത് മാങ്ങയായിരുന്നു! ജീവിതത്തിലെ പല പരാജയങ്ങളുടെയും കാരണം ഇതാണ്. ഒന്ന് പ്രതീക്ഷിച്ച് മറ്റൊന്ന് പ്രവർത്തിച്ചാൽ പ്രതീക്ഷിച്ചതു കിട്ടില്ല. പരാജയമേ ഉണ്ടാവൂ.



## ഇടുങ്ങിയ ചിന്തയും വിശാലമായ ലോകവും

ജിബ്രാൾട്ടർ കടലിടുക്കിനപ്പുറം ഒന്നുമില്ലെന്നാണ് ഒരു കാലത്ത് യൂറോപ്യന്മാർ വിശ്വസിച്ചിരുന്നത്. അക്കാലത്തെ സ്പാനിഷ് നാണയങ്ങളിൽ 'ഇതിനപ്പുറം ഒന്നുമില്ല' എന്ന ലത്തീൻ മുദ്രണമുണ്ടായിരുന്നു. സാഹസികനും അന്വേഷണപടുവുമായിരുന്ന ക്രിസ്റ്റഫർ കൊളംബസ് ഏതാനും പായ്ക്കപ്പലുകളും ഒരു സംഘം ആളുകളുമായി കടലിനപ്പുറത്ത് വല്ലതുമുണ്ടോ എന്നു കണ്ടുപിടിക്കാൻ തീരുമാനിച്ചു.



പലരും അദ്ദേഹത്തെ തടഞ്ഞു. അനേകരുടെ എതിർപ്പിന്റെയും സ്നേഹിക്കുന്നവരുടെ നിലവിളിയുടെയും ചിലരുടെ അനുഗ്രഹാശിസുകളുടെയും മധ്യത്തിൽ 1492-ൽ അദ്ദേഹം സ്പാനിഷ് തുറമുഖം വിട്ടു. സുദീർഘവും ക്ലേശകരവുമായ ഈ യാത്രയിൽ കൂടെയുണ്ടായിരുന്ന പലരും കൊളംബസിനെ ഉപേക്ഷിച്ച് പിന്മാറി. അവർ ഇടയ്ക്കു കണ്ട മണൽത്തിട്ടകളിൽ ഇറങ്ങി. ചിലരെല്ലാം കൊളംബസിനെ ശപിച്ചുകൊണ്ടു മരിച്ചു. എന്നാൽ സാഹസികനായ കൊളംബസിൽ വിശ്വസിച്ച് അവസാനംവരെ അറ്റ്ലാന്റിക് സമുദ്രം കടക്കാൻ തയാറായ കുറച്ചുപേർക്കു മാത്രമേ അദ്ദേഹത്തോടൊപ്പം 1498-ൽ അമേരിക്കയിൽ ചെന്നെത്താൻ കഴിഞ്ഞുള്ളു. അവർക്ക് അവിടെ തങ്ങളുടെ രാജ്യത്തിന്റെ വിജയക്കൊടി പാറിക്കാൻ കഴിഞ്ഞു. അമേരിക്ക കണ്ടുപിടിച്ച വാർത്ത യൂറോപ്പിലെത്തിയതോടെ സ്പാനിഷ് നാണയങ്ങൾ പുതിയ മുദ്രണവുമായി പുറത്തുവന്നു – 'ഇതിനപ്പുറം പലതുമുണ്ട്.' ലോകത്തിന്റെ ചിന്ത മാറ്റിമറിച്ച സംഭവമായിരുന്നു ഇത്. ജിബ്രാൾട്ടർ കടലിടുക്കിനപ്പുറം ലോകമുണ്ടെന്നു നാടറിഞ്ഞു.

നാം ചിന്തിക്കുന്നതും അറിഞ്ഞതും മാത്രമാണ് സത്യം എന്ന് വിചാരിക്കുന്നതിൽപരം മണ്ടത്തരം വേറെയില്ല. അവ സത്യമായിരിക്കാം. എന്നാൽ അതിനപ്പുറം സത്യമുണ്ട് എന്ന് നാം മനസിലാക്കണം. മതമൗലികവാദം, ചില പ്രത്യയശാസ്ത്രങ്ങളുടെ കടുംപിടുത്തം ഒക്കെ ചിലപ്പോഴെങ്കിലും അബദ്ധ പഞ്ചാംഗമായി മാറിയിട്ടുണ്ട്. നിഷ്പക്ഷമായി കാര്യങ്ങൾ അന്വേഷിക്കുകയും സത്യം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നവർക്ക് ഒരു വിശാലമായ ലോകം കണ്ടെത്താൻ കഴിയും.

പലപ്പോഴും ഇടുങ്ങിയ ചിന്തകൾ മതപരമായും രാഷ്ട്രീയമായും നമ്മുടെ ലോകം ചെറുതാക്കുന്നു. അയൽക്കാരന്റെ, സുഹൃത്തിന്റെ ഹൃദയവും ചിന്തയും നന്മയും നാം കാണാതെ പോകുന്നു.

ഞാൻ പിടിച്ച മുയലിന് മൂന്നുകൊമ്പ് എന്ന പിടിവാശി പലർക്കുമുണ്ട്. ബോധ്യങ്ങളിലും ചിന്തകളിലും തെറ്റു സംഭവിച്ചാൽ സമ്മതിക്കാനുള്ള വിനയം പലർക്കുമില്ല. നമ്മുടെ ചിന്തകൾ വ്യത്യാസപ്പെടണം. മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ചിന്തിക്കുവാനും കഴിയണം.

## ഭാവിയും ചിന്തയും

നമ്മുടെ ചിന്തകളാണ് നമ്മുടെ വാക്കുകളായി വരുന്നത്. നമ്മുടെ വാക്കുകളാണ് നമ്മുടെ പ്രവൃത്തിയായി തീരുന്നത്. നമ്മുടെ പ്രവൃത്തികളാണ് നമ്മുടെ ശീലങ്ങളാവുന്നത്. നമ്മുടെ ശീലങ്ങളാണ് നമ്മുടെ സ്വഭാവമാകുന്നത്. നമ്മുടെ സ്വഭാവമാണ് നമ്മുടെ ഭാവി നിശ്ചയിക്കുന്നത്. നല്ല ചിന്തകൾ എപ്പോഴും മനസ്സിൽ ഉണ്ടാവട്ടെ; അതിലൂടെ നല്ലൊരു ഭാവിയും!





## ഡയലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺നമുക്ക് ഓടിച്ചെല്ലാനും അഭയം പ്രാപിക്കാനും ഒരു ജനപ്രതിനിധിയുണ്ട് എന്ന് സഭാ നേതാവ് പറഞ്ഞതിനെക്കുറിച്ച്.

*കെ.എം. ഫിലിപ്പ്, കടമ്പനാട്, പത്തനംതിട്ട*

**☹ദൈവത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമായി.**

☺ഇപ്പോൾ നടക്കുന്ന സുവിശേഷമഹായോഗങ്ങളെ എന്തു വിളിയ്ക്കണം.

*ജേക്കബ് മലേപ്പറമ്പിൽ, കുടപ്പനക്കുന്ന്, പേരൂർക്കട*

**☹മടിശീല വികസനോത്സവം, സുഖിപ്പിക്കൽ മഹോത്സവം**

☺ഞാൻ വിവാഹിതനായി. എന്തെങ്കിലും ഒരുപദേശം.

*ടി.യു. ഉതുപ്പാൻ വടവാതൂർ, കോട്ടയം*

**☹വിവാഹം ഒരു കരാറാണ്. അത് തകരാറിലാകാതെ നോക്കണം.**

☺ തനിക്കുള്ളതൊക്കെയും നൽകാൻ പ്രേരിപ്പിക്കുന്ന കൃപാവരപ്രാപ്തരെക്കുറിച്ച്.

*സി. ജയദാസ്, വേഴുംമ്പ്ര, വടശേരിക്കര*

**☹അവസാന ചില്ലിക്കാശുവരെ ഊറ്റിയെടുക്കുന്ന വെനീസിലെ കച്ചവടക്കാരാണവർ.**

☺ജീവിച്ചിരിക്കുന്ന അപ്പോസ്തലനാണ് നമ്മുടെ നേതാവ് എന്ന് ഒരാൾ പ്രസംഗിച്ചതിനെക്കുറിച്ച്.

*ജോസ് മാത്യു, ഇരവിപേരൂർ, തിരുവല്ല.*

**☹കുരുടൻ ആനയെ കണ്ടതുപോലെയാണ് ഇവർ യേശുവിനെയും അപ്പോസ്തലന്മാരെയും കാണുന്നതും വിലയിരുത്തുന്നതും.**

☺പ്രമുഖരായ നേതാക്കളുടെ ലേഖനങ്ങൾക്കൂടെ വേദാഭിമാനിയിൽ ഉൾപ്പെടുത്തരുതോ.

*ജോയി പനവേലിൽ, ഇളമ്പൽ, കൊല്ലം.*

**☹ഇപ്പോൾ സാമ്പത്തിക നഷ്ടം മാത്രമേയുള്ളു. ഇനി ചീത്തപേരുംകൂടെ കേൾപ്പിക്കണോ.**

☺വീടില്ലാത്തവർ മണിമാളിക സ്വപ്നം കാണാൻ പറയുന്ന കൃപാവരപ്രാപ്തരെക്കുറിച്ച്.

*ടി.ഡി. ജോൺ, പാളയം, തിരുവനന്തപുരം.*

**☹മലയോളം ആശിച്ചാലേ കടുകോളം കിട്ടു എന്നല്ലേ പ്രമാണം.**




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally